മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 13 ഒക്ടോബർ 2015 ലക്കം 10



## വിശുദ്ധ ജീവിതം സാദ്ധ്യമാകുന്നതെങ്ങനെ?

സാമുവൽ ലോഗൻ ബ്രെങ്കിൾ

## യഥാർത്ഥ ദൈവദാസനെ തിരിച്ചറിയുന്നതെങ്ങനെ?

സാക് പുന്നൻ

JEEVAMOZHIKAL
**ജീവമൊഴികൾ**

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 13 ഒക്ടോബർ 2015 ലക്കം 10

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:



**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും കൂടിവരവുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

## ആന്തരിക നടപ്പ് ഇഷ്ടപ്പെടുക



നിങ്ങളുടെ സുപ്രധാനമായ ആവശ്യം നിർമലമായ ആത്മാവാണ് എന്നു ഗ്രഹിക്കണം. നമ്മുടെ സ്വന്തം ഭാവത്തോടല്ല, കർത്താവിന്റെ ദിവ്യസ്വഭാവത്തോടു നാം കൂടുതൽ അനുരൂപമാകണമെങ്കിൽ ഒരു ആന്തരിക നടപ്പു നാം ഇഷ്ടപ്പെട്ടേ മതിയാകൂ. ഈ ആന്തരിക നടപ്പിൽ നിങ്ങളുടെ ജീവിതത്തിന്റെ മാർഗ്ഗദർശിയായി കർത്താവിനെകാണുകയും ഉണങ്ങിവരണ്ട സ്ഥാനത്തും അന്ധകാരം നിറഞ്ഞ ഇടങ്ങളിലും അവൻ നിങ്ങളുടെ വെളിച്ചമായിരിക്കാൻ അനുവദിക്കുകയും വേണം.

**– *മൈക്കൽ മോളിനോസ്***

## ദൈവസ്നേഹത്തിന്റെ പ്രദർശനം




ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. റോമ. 5:8

എഡിറ്റോറിയൽ



# വിലയേറിയ ദാസനോ വിശ്വസ്ത ദാസനോ?

**പ്രശസ്ത** മിഷനറി വില്യം കേരിയെ ആദരിക്കാനായി സംഘടിപ്പിച്ച ഒരു അത്താഴ വിരുന്ന്. ഇന്ത്യയിൽ പ്രേഷിത പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ സുവിശേഷകൻ, ഭാരതത്തിലെ ആദ്യത്തെ ക്രിസ്തീയ സർവ്വകലാശാലയുടെ സ്ഥാപകൻ, ഭാരതീയ ഭാഷകളിൽ ബൈബിൾ വിവർത്തനം ചെയ്ത പണ്ഡിതൻ എന്നിങ്ങനെ വിവിധ നിലകളിലുള്ള കേരിയുടെ അതുല്യമായ സംഭാവനകൾ കണക്കിലെടുത്ത് അദ്ദേഹത്തിന്റെ ഇന്ത്യക്കാരായ സുഹൃത്തുക്കളാണ് ആ വിരുന്നു സംഘടിപ്പിച്ചത്. ഇംഗ്ലീഷുകാരായ ചില മാന്യവ്യക്തികളെയും ആ വിരുന്നിലേക്കു ക്ഷണിച്ചിരുന്നു.

കേരിക്കു ലഭിക്കുന്ന അംഗീകാരം വിരുന്നിനെത്തിയ ഒരു ബ്രിട്ടീഷുകാരന്റെ ഉള്ളിൽ നേരിയ അസൂയ പടർത്തി. അയാൾ പറഞ്ഞു: “കേരിയോ? കേരിയെ എനിക്ക് ഇംഗ്ലണ്ടിൽ വച്ചു തന്നെ അറിയാം. അയാൾ അവിടെ ചെരുപ്പുണ്ടാക്കുന്ന ഒരാളായിരുന്നു.”

ഇതു കേട്ടുകൊണ്ടു വന്ന വില്യം കേരി സൗമ്യമായി ഇങ്ങനെ പറഞ്ഞു: “ക്ഷമിക്കണം. ഞാൻ ചെരുപ്പുണ്ടാക്കുന്ന ആൾ ആയിരുന്നില്ല. വെറുമൊരു ചെരുപ്പു കുത്തി മാത്രമായിരുന്നു.”

ഒരു യഥാർത്ഥ ദൈവദാസൻ എങ്ങനെയായിരിക്കണമെന്നതിലേക്കു വിരൽ ചൂണ്ടുന്നു ഈ സംഭവം.

ദാസൻ, വേലക്കാരൻ എന്നെല്ലാം പറയുമ്പോൾ പലപ്പോഴും നമ്മുടെ കണ്ണ് ദാസൻ ചെയ്യുന്ന പ്രവൃത്തികൾ, അയാളുടെ പ്രയോജനപരത എന്നിവയിലേക്കാണു പോകുന്നത്. എന്നാൽ ദൈവം നോക്കുന്നത് പ്രാഥമികമായും ആ വ്യക്തി, അയാൾ, എങ്ങനെയുള്ളവനാണ് എന്നാണ്. ദാസന് ഒന്നാമതു വേണ്ടതു ദാസന്റെ മനോഭാവമാണ്, താഴ്മയാണ്.

കർത്താവിന്റെ വിലയേറിയ ദാസൻ, ശ്രേഷ്ഠ ദാസൻ എന്നിങ്ങനെ ഒട്ടേറെ സംബോധനകൾ ക്രിസ്തീയ ഗോളത്തിൽ ഇന്നു മുഴുങ്ങുന്നുണ്ട്. വാക്കുകൾ പലപ്പോഴും നമ്മെ വഴി തെറ്റിക്കാം. അതുകൊണ്ടു തന്നെ ദൈവവചനം കർത്താവിന്റെ യഥാർത്ഥ ദാസനെ എങ്ങനെയാണു നിർവചിക്കുന്നതെന്ന് അറിയേണ്ടതുണ്ട്.

യഥാർത്ഥ ദൈവദാസൻ– അതാരാണ്? അദ്ദേഹത്തിന്റെ പ്രത്യേകതകൾ എന്താണ്? എങ്ങനെ തിരിച്ചറിയും? ഇതുമായി ബന്ധപ്പെട്ട ന ▶

മ്മുടെ എല്ലാ സംശയങ്ങൾക്കുമുള്ള ഉത്തരം യേശുക്രിസ്തുവിലുണ്ട്.

യേശുവിനും ഏഴു നൂറ്റാണ്ടു മുൻപു ജീവിച്ചിരുന്ന യെശയ്യാവ് ഒരു യഥാർത്ഥ ദൈവദാസനെക്കുറിച്ചു വിവരിക്കുന്നുണ്ട് – 'ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ...' (43:1–3). ഈ ദാസൻ മറ്റാരുമല്ല യേശുക്രിസ്തു തന്നെയാണെന്ന് ആദ്യ സുവിശേഷകാരനായ മത്തായി വ്യക്തമാക്കുന്നു (12:17–21). യേശുവാണു യഥാർത്ഥ ദാസനെങ്കിൽ അവിടത്തെ പ്രത്യേകതകളാണ് ഇന്നും ഒരു ദൈവദാസനിൽ ഉണ്ടായിരിക്കേണ്ടത്. അതുകൊണ്ട് ദാസനായ യേശുവിൽ വിളങ്ങിക്കണ്ട പ്രത്യേകതകൾ നമുക്കു ശ്രദ്ധിക്കാം:

ദാസരൂപം എടുത്തു യേശു വന്നതിനെക്കുറിച്ചു പൗലൊസ് ഇങ്ങനെയാണു വിവരിക്കുന്നത്: "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു" (ഫിലി. 2:6–8).

ദാസനായ കർത്താവിന്റെ ദാസന്മാരാണു നമ്മൾ. കർത്താവിന്റെ യഥാർത്ഥ ദാസന്മാർക്കു കർത്താവിന്റെ അതേ ഭാവം തന്നെ ഉണ്ടായിരിക്കണമെന്നു പൗലൊസ് ഉദ്ബോധിപ്പിക്കുന്നു (ഫിലി. 2:5). അതുകൊണ്ടു തന്നെ ദാസനായി വന്ന യേശുവിൽ കാണുന്ന താഴ്മയുടെ അഞ്ചു പടികൾ നമ്മോടുള്ള ബന്ധത്തിൽ എങ്ങനെയായിരിക്കണമെന്നു ചിന്തിക്കാം:

**അവൻ തന്നെത്താൻ ഒഴിച്ചു:**

അവിടുന്നു ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറകെ പിടിക്കാതെയാണു തന്നെത്താൻ ഒഴിച്ചത്. കർത്താവിന്റെ യഥാർത്ഥ ദാസനും തന്നെത്താൻ ഒഴിക്കാൻ എപ്പോഴും തയ്യാറായിരിക്കണം. നമ്മുടെ പേരും പ്രശസ്തിയും മതിപ്പും വിട്ടു കളയുവാൻ സ്വാഭാവികമായി നാം ഇഷ്ടപ്പെടുകയില്ല. പ്രശസ്തരാകുവാനും മറ്റുള്ളവരെക്കാൾ ഉന്നതരാകുവാനുമുള്ള ശ്രമത്തിലാണ് ഈ ലോകം മുഴുവൻ ഏർപ്പെട്ടിരിക്കുന്നത്. ക്രിസ്തീയ ലോകത്തിലും ഇതേ മനോഭാവം കാണുവാൻ കഴിയും. ഉൽപത്തി പുസ്തകം 11–ാം അധ്യായത്തിൽ ബാബിലോൺ പണിയപ്പെട്ടതും ഇങ്ങനെയാണ്: അവിടെ അവർ പറയുന്നത് 'നാം ആകാശത്തോളം എത്തുന്ന ഒരു ഗോപുരം പണിയുക' എന്നാണ് (11:4). അവരുടെ സങ്കല്പം അനുസരിച്ച് ആകാശത്തിൽ, ഉന്നതത്തിൽ, ഇരിക്കുന്ന ദൈവത്തോട് അടുത്ത ചെല്ലുവാനാണ് അവർ അഗ്രഹിച്ചത്. അതു നല്ലതല്ലേ? തീർച്ചയായും. പക്ഷേ അതിനോടു ചേർന്ന് അവർ പറയുന്നതു നോക്കുക: 'നമുക്ക് ഒരു പേരും ഉണ്ടാക്കുക' (11:4). ദൈവത്തോട് അടുത്തു ചെല്ലുക. ഒപ്പം നാം ഒരു പേരും ഉണ്ടാക്കുക.

വിശ്വാസ ലോകത്ത് ഈ ഒരു അത്മാവല്ലേ ഇന്ന് ഏറ്റവും കൂടു

▶ *ശേഷം പേജ് 40*

സന്ദേശം

# യഥാർത്ഥ ദൈവദാസനെ തിരിച്ചറിയുന്നതെങ്ങനെ?

സാക് പുന്നൻ

"**എന്നാൽ** യെഹോശാഫാത്ത്: 'നാം യഹോവയോട് അരുളപ്പാടു ചോദിക്കേണ്ടതിന് ഇവിടെ യഹോവയുടെ പ്രവാചകൻ ആരുമില്ലയോ?' എന്നു ചോദിച്ചതിനു യിസ്രായേൽ രാജാവിന്റെ ഭൃത്യന്മാരിൽ ഒരുത്തൻ: 'ഏലീയാവിന്റെ കൈയ്ക്കു വെള്ളം ഒഴിച്ച ശാഫാത്തിന്റെ മകൻ എലീശാ ഇവിടെയുണ്ട്' എന്നു പറഞ്ഞു" (2 രാജാ. 3:11).

എലീശയെ ഇവിടെ പരാമർശിച്ചിരിക്കുന്നത് ഏലീയാവു കൈ കഴുകുമ്പോൾ വെള്ളം ഒഴിച്ചുകൊടുക്കുന്ന ഒരുവനായി, അഥവാ ഭൃത്യജോലികൾ നിർവഹിച്ചുപോന്ന ഒരുവനായിട്ടാണ്.

ഇരുപതാം നൂറ്റാണ്ടിലെ നിലവാരമനുസരിച്ചു ദൈവത്തിന്റെ ഒരു പ്രവാചകനെ പരിചയപ്പെടുത്തുവാനുള്ള പ്രശംസാവഹമായ ഒരു മാർഗ്ഗമല്ല തീർച്ചയായും ഇത്. തങ്ങളെ ഒരു സദസ്സിനു മുമ്പിൽ



*സുവിശേഷവിഹിത ക്രിസ്ത്യാനികളുടെ മധ്യത്തിൽപ്പോലും ആളുകൾ സ്ഥാനമോഹികളായി പരസ്പരം മത്സരിക്കുന്ന കാഴ്ച കാണാൻ കഴിയും.*

ഇപ്രകാരം പരിചയപ്പെടുത്തുന്ന പക്ഷം ഇന്നത്തെ പല സുവിശേഷ പ്രസംഗകന്മാരും നീരസം ബാധിച്ച വരായിത്തീരും.

ആളുകൾക്കു കൈ കഴുകുവാൻ വെള്ളം ഒഴിച്ചുകൊടുക്കുന്നതു കൂടാതെ മറ്റു പല പ്രവൃത്തികളും എലീശാ ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം യോർദ്ദാനിലെ വെള്ളത്തെ രണ്ടായി വിഭജിക്കുകയും യെരീഹോവിൽ രോഗകാരണമായിത്തീർന്ന ജലത്തെ ശുദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇവ യഥാർത്ഥമായും ശ്രദ്ധേയമായ അദ്ഭുതപ്രവൃത്തികളായിരുന്നു. എന്നിട്ടും ഇവിടെ അദ്ദേഹത്തെ ഒരു ഭൃത്യനെന്ന പേരിലാണ് പരിചയപ്പെടുത്തുന്നത്. അപ്രകാരമൊരു സ്ഥാനപ്പേരു നൽകിയത് അദ്ദേഹത്തിന് ഇഷ്ടപ്പെട്ടില്ല എന്നു ഞാൻ ചിന്തിക്കുന്നില്ല. ഏലീയാവിന്റെ ഭൃത്യൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷ പൊതുജനശ്രദ്ധയിൽ മുന്തി നിന്നിരുന്നതിനാൽ മറ്റുള്ളവർ തങ്ങളുടെ മനസ്സിൽ അദ്ദേഹത്തെപ്പറ്റി പുലർത്തിയിരുന്ന ധാരണ ഇതായിരുന്നു. തന്മൂലം രാജഭൃത്യൻ അദ്ദേഹത്തെ വെള്ളമൊഴിച്ചുകൊടുക്കുന്നവനെന്നു പരാമർശിച്ചിരിക്കയാണ്.

പ്രിയ സഹോദരീസഹോദരന്മാരേ, ഇതിനാണു നാമും വിളിക്കപ്പെട്ടിട്ടുള്ളത്; മററുള്ളവരുടെ ഭൃത്യരായിത്തീരുവാൻ തന്നെ. യേശു തന്നെയും വെള്ളം പകർന്നു തന്റെ ശിഷ്യന്മാരുടെ കാൽ കഴുകിയ ഒരുവനായിരുന്നു. "ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനത്രേ ഞാൻ വന്നത്" എന്ന് (മത്താ. 20:28) അവിടുന്നു പറയുകയും ചെയ്തിട്ടുണ്ട്. ഭൂമിയിലും സ്വർഗ്ഗത്തിലും നേതൃസ്ഥാനങ്ങൾ മോഹിച്ചവരോട് തന്റെ രാജ്യം മറ്റു രാജ്യങ്ങളെക്കാൾ വ്യത്യസ്തമാണെന്നും അവിടെ പ്രധാനികളാകുവാനാഗ്രഹിക്കുന്നവർ മററുള്ളവരുടെ വേലക്കാരായിത്തീരണമെന്നും അവിടുന്നു കല്പിക്കുകയുണ്ടായി.

കർത്താവിന്റെ ഓരോ ഭൃത്യനും മനുഷ്യർക്ക് ഒരു ഭൃത്യനായിത്തീരണം. അല്ലാത്തപക്ഷം ദൈവഭൃത്യനെന്ന ബഹുമതി അയാൾക്കു നഷ്ടപ്പെടും.

ഒരു ഭൃത്യന്റെ സ്വഭാവത്തിനു വിരുദ്ധമായ രണ്ടു കാര്യങ്ങൾ എന്റെ ചിന്തയിൽ വരുന്നുണ്ട്. അതിലൊന്നു പേരും പ്രശസ്തിയും നേടുവാനുള്ള മോഹമാണ്. രണ്ടാമത്തേതു മറ്റുള്ളവരുടെ നേരേ ആധിപത്യം ചെലുത്തുന്ന മനോഭാവവും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ഇവയ്ക്കു കടകവിരുദ്ധമായൊരു മനോഭാവമാണു നാം കാണുന്നത്.

"അവിടുന്ന് ഒരു പ്രശസ്തിയുമില്ലാത്തവനായി ഒരു ദാസരൂപം എടുത്തു" (ഫിലി. 2:7,8).

ഈ രണ്ടു കാര്യങ്ങളെപ്പററി നമുക്കു ചിന്തിക്കാം.

**അംഗീകാരത്തിനുള്ള മോഹം**

ലോകത്തിൽ വലിയവരും പ്രശസ്തരും ആകുവാനുള്ള മോഹം നാം കൈവിട്ടിട്ടുണ്ടായിരിക്കാം. എന്നാൽ വിശ്വാസഗോളത്തിൽ അറിയപ്പെടുന്നവരും അംഗീകാരം നേടിയവരുമാകുവാൻ നാം രഹസ്യത്തിൽ വാഞ്ഛിക്കുന്നുണ്ടായിരിക്കാം. ഒരു പക്ഷേ ഒരുണർവുപ്രസംഗകനോ മികച്ച വേദോപദേഷ്ടാവോ ആയി അറിയപ്പെടുവാനുള്ള ഒരാഗ്രഹമായിരിക്കാം അത്. അഥവാ നമ്മുടെ പ്രസംഗത്തിലൂടെ എപ്പോഴും

ആളുകൾ അനുഗ്രഹം പ്രാപിക്കുന്നുവെന്നു മറ്റുള്ളവർ അറിയണം എന്നാവാം നാം അഭിലഷിക്കുന്നത്. അല്ലെങ്കിൽ ഒരു പക്ഷേ വളർന്നുകൊണ്ടിരിക്കുന്ന ഒരു സഭാവിഭാഗത്തിന്റെയോ സുവിശേഷ പ്രസ്ഥാനത്തിന്റെയോ അധ്യക്ഷനെന്ന നിലയിൽ അറിയപ്പെടാൻ നാം മോഹിക്കുന്നുണ്ടായിരിക്കാം. എന്തുമാവട്ടെ, അത്തരം എല്ലാ ആഗ്രഹങ്ങളും യേശുവിന്റെ മനോഭാവത്തിനു കടകവിരുദ്ധമാണ്. അത്തരം ജഡികമായ അഭിവാഞ്ഛകൾ നമ്മിൽ ഒളിഞ്ഞിരിക്കുന്നതു മൂലമായിരിക്കാം നമ്മിലേക്കും നമ്മിലൂടെ മററുള്ളവരിലേക്കും ദൈവത്തിന്റെ എല്ലാ നിറവും പ്രവഹിപ്പിക്കുവാൻ പലപ്പോഴും അവിടുത്തേക്കു സാധ്യമല്ലാതിരിക്കുന്നത്.

ഇന്നു ക്രിസ്തീയവൃത്തങ്ങളിൽ ജനപ്രീതിക്കുവേണ്ടിയുള്ള ആരോഗ്യകരമല്ലാത്ത ഒരു കമ്പം നിലവിലിരിക്കുന്നുവെന്നതു വാസ്തവത്തിൽ ദുഃഖകരമായ ഒരു വസ്തുതയാണ്. നമുക്കുണ്ടായിരുന്ന അല്പമായ ആത്മീയതയ്ക്ക് ഇതു മരണകരമായ ഒരടിയേൽപിച്ചിരിക്കുകയുമാണ്. ഈ രോഗം വ്യാപകമായവിധം പടർന്നുപിടിച്ചിരിക്കയാൽ നാം നിരന്തരജാഗ്രതയോടെ ഇതിനെതിരേ പോരാടുന്നില്ലെങ്കിൽ അറിയാതെതന്നെ നാമും രോഗബാധിതരായിത്തീർന്നു പോകാനിടയുണ്ട്.

നമ്മുടെ കാലഘട്ടത്തിലുള്ള ക്രിസ്തീയനേതാക്കന്മാരും സുവിശേഷപ്രസംഗകരും പൗലൊസിനെപ്പോലെ 'ലോകത്തിന്റെ ചവറും സകലത്തിന്റെയും അഴുക്കു'മായിട്ടല്ല ഇപ്പോൾ കഴിയുന്നത് (1 കൊരി.4:13). മറിച്ചു സിനിമാതാരങ്ങളോടും 'വി. ഐ. പി'കളോടുമാണ് അവർക്ക് അധികം സാദൃശ്യമുള്ളത്. അവരെപ്പറ്റി പത്രമാസികകളിൽ സചിത്രലേഖനങ്ങൾ പ്രത്യക്ഷപ്പെടുന്നു; ആളുകൾ അവരെ പ്രശംസിക്കുകയും അവർ വാനംമുട്ടെ വാഴ്ത്തപ്പെടുകയും ചെയ്യുന്നു.

> നമ്മുടെ കാലഘട്ടത്തിലുള്ള ക്രിസ്തീയനേതാക്കന്മാരും സുവിശേഷപ്രസംഗകരും പൗലൊസിനെപ്പോലെ 'ലോകത്തിന്റെ ചവറും സകലത്തിന്റെയും അഴുക്കു'മായിട്ടല്ല ഇപ്പോൾ കഴിയുന്നത് മറിച്ചു സിനിമാതാരങ്ങളോടും 'വി. ഐ. പി'കളോടുമാണ് അവർക്ക് അധികം സാദൃശ്യമുള്ളത്. അവരെപ്പറ്റി പത്രമാസികകളിൽ സചിത്രലേഖനങ്ങൾ പ്രത്യക്ഷപ്പെടുന്നു; ആളുകൾ അവരെ പ്രശംസിക്കുകയും അവർ വാനംമുട്ടെ വാഴ്ത്തപ്പെടുകയും ചെയ്യുന്നു. അതിലും ദുഃഖകരമായ വസ്തുത ഈ ആളുകളിൽപ്പലരും (ദൈവകൃപകൊണ്ടുമാത്രം നിലനിൽക്കുന്നവരാണെങ്കിൽപ്പോലും) ഇപ്രകാരം വാഴ്ത്തപ്പെടുവാൻ വാഞ്ഛിക്കുന്നുവെന്നതാണ്.

അതിലും ദുഃഖകരമായ വസ്തുത ഈ ആളുകളിൽപ്പലരും (ദൈവകൃപ കൊണ്ടുമാത്രം നില നിൽക്കുന്നവരാണെങ്കിൽപ്പോലും) ഇപ്രകാരം വാഴ്ത്തപ്പെടുവാൻ വാഞ്ഛിക്കുന്നുവെന്നതാണ്. ക്രൈസ്തവ ലോകത്തിലെ നേതാക്കളെന്ന നിലയിൽ അംഗീകാരം നേടുവാൻ അവർ ഇഷ്ടപ്പെടുന്നു. മററുള്ളവർ നമ്മെയും നമ്മുടെ പ്രവർത്തനത്തെയും പ്രസിദ്ധമാക്കുന്നതു തടയുവാൻ നമുക്കു സാധ്യമല്ല എന്നതു ശരി തന്നെ. എന്നാൽ അത്തരം പ്രസിദ്ധി രഹസ്യത്തിൽ ആഗ്രഹിക്കുന്ന മനോഭാവത്തിൽനിന്നു ദൈവം നമ്മെ വിടുവിക്കട്ടെ. ഭൃത്യന്മാർ അഥവാ മറ്റുള്ളവരുടെ കൈയിൽ വെള്ളമൊഴിച്ചുകൊടുക്കുന്നവർ എന്നതിൽക്കവിഞ്ഞ് എന്തെങ്കിലുമാകുവാനുള്ള ആഗ്രഹത്തിൽനിന്നു ദൈവം തന്നെ നമ്മെ വിടുവിക്കട്ടെ.

യേശു തന്നെയും ജനപ്രീതിയെ വർജ്ജിച്ചിരുന്നു. ക്രൈസ്തവലോകത്തിൽ സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധീകരിക്കുവാനുള്ള ഒരു മോഹം നിലവിലുള്ളതായി ഞാൻ കാണുന്നു. പ്രാചീനകാലത്തെ നരനായാട്ടുകാർ തലയോട്ടികളോ ശിരശ്ചർമ്മങ്ങളോ സൂക്ഷിച്ചു വയ്ക്കാറുണ്ടായിരുന്നതുപോലെ ഇന്നത്തെ സുവിശേഷകന്മാർ പലരും തലയെണ്ണുവാനും കൈയെണ്ണുവാനും തീരുമാനക്കാർഡുകളുടെ സംഖ്യ നോക്കുവാനും കൗശലരൂപേണയെങ്കിലും അവയെക്കുറിച്ചു പുകഴുവാനുമുള്ള ജഡികമോഹത്തിന് അടിമകളായിത്തീർന്നിരിക്കുന്നു. നമ്മിലുള്ള ഈ ആഗ്രഹം പിശാചു മനസ്സിലാക്കിയിട്ടു നമ്മെ വഴിതെറ്റിക്കുവാൻ അതിനെ ഉപാധിയാക്കി അവൻ പ്രയോഗിക്കുന്നു.

ഇവിടെ ഞാൻ ഉദ്ദേശിക്കുന്ന കാര്യം ഒരു ദൃഷ്ടാന്തത്തിലൂടെ വിശദീകരിക്കാം. ഇൻഡ്യയിലുള്ള ഒരു പ്രദേശത്ത് ഒരിക്കൽ ചില സുവിശേഷയോഗങ്ങൾ ക്രമീകരിക്കപ്പെട്ടു. സുപ്രസിദ്ധനായ ഒരു സുവിശേഷപ്രസംഗകനെ അതിനായി ക്ഷണിച്ചുവരുത്തി. ഈ യോഗങ്ങളിൽ ഒട്ടധികം പേർ തങ്ങളുടെ കൈകൾ സാക്ഷ്യരൂപേണ ഉയർത്തുകയും തീരുമാനക്കാർഡുകൾ പൂരിപ്പിച്ച് ഒപ്പുവയ്ക്കുകയും ചെയ്തു. ഈ സ്ഥിതിവിവരണക്കണക്കുകൾക്കു രാജ്യത്തിന്റെ പല ഭാഗങ്ങളിലും വ്യാപകമായ പ്രസിദ്ധീകരണം നൽകുകയും ഈ വിധത്തിൽ ആരംഭിച്ച ആത്മീയ ഉണർവിനായി ജനങ്ങൾ ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ഇപ്രകാരം മാനസാന്തരപ്പെട്ടവരുടെ ഇടയിൽ തുടർന്നു ഫോളോ അപ് പ്രവർത്തനം നടത്തുവാൻ നിയോഗിക്കപ്പെട്ടിരുന്ന വ്യക്തിയെ ഒരു വർഷത്തിനുശേഷം ഞാൻ കാണുവാനിടയായി. കാര്യങ്ങൾ എങ്ങനെയിരിക്കുന്നുവെന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അവിടെയുള്ള സഭകളുടെ സാമാന്യമായ സ്ഥിതിയിൽ മിക്കവാറും യാതൊരു മാറ്റവും ഉണ്ടായിട്ടില്ലെന്നും താൻ സന്ദർശിച്ച എല്ലാ ജനങ്ങളും മുമ്പ് അവർ ആയിരുന്ന അവസ്ഥയിൽത്തന്നെ തുടരുന്നുവെന്നും അദ്ദേഹം എന്നോടു പറഞ്ഞു. ആ മീറ്റിംഗുകളിൽ ഒരു വൈകാരികചലനം സംഭവിച്ചിരുന്നുവെന്നതിൽ സംശയമില്ല. എങ്കിലും നിലനിൽക്കുന്ന യാതൊരു വ്യതിയാനവും അതുമൂലം സംഭവിച്ചില്ല. തങ്ങളോടു പ്രസംഗിക്കുവാൻ അതിവിദൂരസ്ഥലത്തു നിന്നു വന്നുചേർന്ന ആ സുവിശേഷ

കയും അങ്ങനെ യഥാർത്ഥത്തിൽ ആത്മീയമൂല്യമുള്ള ഒരു കാര്യം സാധിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ പ്രത്യക്ഷത്തിലുള്ള ഒരു ഫലപ്രാപ് തിയിലൂടെ എല്ലാവരെയും സന്തുഷ്ടരാക്കിയതിലൂടെ പിശാചു ഫലപ്രദമായി അതിനെ തടയുകയാണുണ്ടായത്. തന്റെ പിടിയിൽനിന്നു നൂറുകണക്കിനാത്മാക്കൾ വിടുവിക്കപ്പെട്ടുവെന്ന് എല്ലാവരും ചിന്തിക്കുമാറു സാത്താൻ കാര്യങ്ങളെ നിയന്ത്രിച്ചു. യഥാർത്ഥത്തിൽ ആർക്കും വിടുതൽ ലഭിച്ചതുമില്ല.

വിശ്വാസികളുടെ മധ്യത്തിലും പ്രഥമദൃഷ്ട്യാ ഉണർവെന്നു തോന്നിക്കുന്നതും വാസ്തവത്തിൽ ഉണർവല്ലാത്തതുമായ സംഭവങ്ങൾ മുഖേന പിശാചു പലരെയും വഞ്ചിച്ചു കൊണ്ടാണിരിക്കുന്നത്. ജനങ്ങൾ മുൻനിരയിലേക്കടുത്തുവന്നു നിലവിളിക്കുകയും കരയുകയും ചെയ്യുന്നു. എങ്കിലും തങ്ങളുടെ ഇച്ഛയെയോ ജീവിതത്തെയോ ദൈവത്തിനു കീഴ്പ്പെടുത്തുന്നില്ല. മറ്റു ചിലർ പ്രസംഗകന്റെ അടുക്കൽ വന്ന് അദ്ദേഹത്തിന്റെ സന്ദേശങ്ങൾ തങ്ങൾക്ക് എത്ര അനുഗ്രഹദായകമായിരുന്നുവെന്ന് അറിയിക്കുന്നു. വെസ്ലിയെയോ ഫിന്നിയെയോ പോല താനും ഒരു ഉണർവുപ്രസംഗകനാണെന്നുള്ള സംതൃപ്തിയോടെ പ്രസംഗകൻ പോകുന്നു. അദ്ദേഹം 'ഈ ഉണർവി'നെക്കുറിച്ചുള്ള വാർത്ത അതിനുവേണ്ടി ദൈവത്തെ സ്തുതിക്കുവാൻ ആവശ്യപ്പെടുന്നുവെന്ന വ്യാജേന മറ്റുള്ളവരെ ധരിപ്പിക്കുന്നു. അതേസമയം ദൈവം തന്നെ ഏതുവിധം ഉപയോഗിച്ചുവെന്ന കാര്യം മറ്റുള്ളവർ അറിയണമെന്നു മാത്രമാണ് അദ്ദേഹത്തിന്റെ താൽപര്യം. താൻ പ്രസംഗകനെ നിരാശപ്പെടുത്താതിരിപ്പാനായി ചിലർ പ്രത്യക്ഷമായി തങ്ങളുടെ കരങ്ങൾ ഉയർത്തുകയാണുണ്ടായത്. ഈ പ്രശസ്ത സുവിശേഷകനുമായി ഭാവിയിൽ അടുത്ത ഒരു ബന്ധം പുലർത്തുവാനാഗ്രഹിച്ചിട്ടാണു മറ്റു ചിലർ തങ്ങൾ രക്ഷിക്കപ്പെട്ടുവെന്ന് അദ്ദേഹത്തെ അറിയിക്കുവാൻ വേണ്ടി കരങ്ങൾ ഉയർത്തിയത്. ഇനിയും ചിലർ ഈ സുവിശേഷകനെ ഒന്നടുത്തു കാണാനാഗ്രഹിച്ചു മുന്നോട്ടുവന്നവരായിരുന്നു. 'അദ്ഭുതകരമായ ആ ഉണർവി'ന്റെ ഉള്ളിലെ കഥ ഇതായിരുന്നു. ഇതൊരു സങ്കല്പകഥയല്ല, യഥാർത്ഥവസ്തുത തന്നെയാണ്.

സഹോദരീസഹോദരന്മാരേ, പ്രത്യക്ഷത്തിൽ മാത്രമുള്ള ഫലപ്രാപ്തി എന്നു ഞാൻ വിളിക്കാനാഗ്രഹിക്കുന്നതിന്റെ ഒരു തികഞ്ഞ ദൃഷ്ടാന്തമാണ് ഇത്. പലരെയും വഞ്ചിക്കുവാൻ വേണ്ടി സാത്താൻ അതിനെ ഉപയോഗിച്ചു. മിക്കവാറും ഒരാൾ പോലും രക്ഷിക്കപ്പെട്ടില്ല, ഒരുത്തനെയും അധികവിശുദ്ധിയിലേക്ക് അതു വഴിനടത്തിയുമില്ല. എങ്കിലും ആ സ്ഥലത്തു ദൈവത്തിനായി നടന്ന 'അദ്ഭു തകരമായ ആ മുന്നേറ്റ'ത്തെക്കുറിച്ച് ആ സുവിശേഷകനും അവിടത്തെ സംഘാടകസമിതിയും സന്തുഷ്ടരായിത്തീർന്നു. ആ സുവിശേഷയോഗപരമ്പരയിൽ ആരും കരമുയർത്താതെയും തീരുമാനക്കാർഡുകൾ ഒപ്പിടാതെയും ഇരുന്നിരുന്നെങ്കിൽ സുവിശേഷകനും സംഘാടകക്കമ്മിറ്റിയും വളരെ എളിമയുള്ളവരായിത്തീരുകയും ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ അവർ ദൈവത്തിന്റെ മുഖമന്വേഷിക്കു

ആരോടു പ്രസംഗിച്ചുവോ ആ ആളുകൾക്കു വിടുതൽ ലഭിക്കേണ്ടതിലേക്ക് അദ്ദേഹം ഏകനായി ദൈവസന്നിധിയാകുന്ന രഹസ്യ സ്ഥലത്തേക്കു കടന്നുചെല്ലുന്നുണ്ടോ? ഇല്ല തന്നെ. അവർക്കു വിടുതൽ ലഭിച്ചുകഴിഞ്ഞല്ലോ എന്നാണ് അദ്ദേഹത്തിന്റെ ചിന്ത. തന്മൂലം മീറ്റിംഗുകൾക്കുശേഷം പ്രാർത്ഥിക്കുന്ന കാര്യത്തിൽ അദ്ദേഹം ഉദാസീനതയവലംബിക്കുന്നു; ഉണർവിനെ പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിൽ തിരക്കോടെ പ്രവർത്തിക്കുകയും ചെയ്യുന്നു.

ഈ വിധത്തിലാണു പല ക്രിസ്തീയപ്രവർത്തകരെയും ഇന്നു സാത്താൻ വഞ്ചിക്കുന്നത്. തങ്ങളുടെ ഉപദേശത്തിൽ അവർ പിന്നോക്കസ്ഥിതിയിലായതു കൊണ്ടല്ല, പിന്നെയോ സ്ഥിതിവിവരക്കണക്കുകളിലും പ്രസിദ്ധീകരണത്തിലും അവർ തൽപരരായതുകൊണ്ടാണ് അതു സംഭവിക്കുന്നത്. സുവിശേഷ പ്രസംഗകരുടെയും കമ്മിറ്റിയംഗങ്ങളുടെയും ഹൃദയത്തിൽ ഒരുപോലെ തന്നെ പ്രശസ്തിക്കും പ്രസിദ്ധീകരണത്തിനുമുള്ള ഈ ആഗ്രഹം സാത്താൻ കാണുന്നതുകൊണ്ട് അവൻ വിജയം നേടുന്നു. മറ്റുള്ളവരുടെ മുമ്പിൽ ആത്മാക്കളെ നേടുന്ന വലിയ ദൈവദാസന്മാർ എന്ന തങ്ങളുടെ പ്രശസ്തി നിലനിറുത്തുവാൻ സുവിശേഷകന്മാർ അതീവശ്രദ്ധാലുക്കളാണെന്നും തങ്ങളുടെ അധ്വാനം വളരെ ഫലമുളവാക്കിയെന്നു ജനങ്ങൾ മനസ്സിലാക്കുന്നതിൽ കമ്മിറ്റിക്കാർ ഉത്സാഹശാലികളാണെന്നും അവനറിയാം. അങ്ങനെ തന്റെ ദുഷ്ടലക്ഷ്യങ്ങൾ അവൻ നേടിയെടുക്കുന്നു.

മുകളിൽപ്പറഞ്ഞ കാര്യം സ്ഥിതിവിവരക്കണക്കുകളിൽ പ്രശംസിക്കുന്ന സുവിശേഷ പ്രസ്ഥാനങ്ങൾക്കും സഭാവിഭാഗങ്ങൾക്കും കൂടെ ബാധകമാണ്.

ദാവീദ് ഒരിക്കൽ ജനത്തെ എണ്ണി അവരുടെ സംഖ്യയിൽ പ്രശംസിച്ച സമയത്ത് എന്നപോലെ ഇത്തരം കാര്യങ്ങളിലുള്ള നമ്മുടെ ജഡസ്വഭാവത്തെപ്പറ്റി ദൈവം നമുക്ക് ഒരു കുറ്റബോധം തരാൻ നമുക്ക് ആഗ്രഹിക്കാം (2 ശമു. 24). ഉപരിപ്ലവങ്ങളായ എല്ലാ കാര്യങ്ങളെയും കുറിച്ചു കർത്താവു നമുക്ക് ഒരുൾക്കാഴ്ച നൽകട്ടെ. പ്രസിദ്ധീകരണതാൽപര്യമുള്ള ലോകത്തിന്റെ മനോഭാവത്തിൽ നിന്ന് അവിടുന്നു നമ്മെ വിടുവിക്കട്ടെ. എന്തെന്നാൽ ദൈവത്തിന്റെ വേലയ്ക്ക് അതെപ്പോഴും ആപൽക്കരമാണ്. ആ വിധത്തിലുള്ള ജഡികമോഹങ്ങളിൽ നിന്നു നാം സ്വതന്ത്രരാകുന്നില്ലെങ്കിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ വഞ്ചിക്കുന്നതിൽ പിശാചു വിജയിയായിത്തീരും.

എന്റെ ജീവിതത്തിൽ എനിക്ക് അനുഭവപ്പെട്ടിട്ടുള്ള ഏറ്റവും പ്രയാസമുള്ള കൃത്യം പരസ്യമായ ഒരു സാക്ഷ്യം പറയുക എന്നതാണ്. ഒരു പ്രസംഗം ചെയ്യുന്നതിനെക്കാൾ പരസ്യമായ ഒരു സാക്ഷ്യം നൽകുക എന്നതു കൂടുതൽ ദുഷ്കരമാണെന്നു ഞാൻ കാണുന്നു. കാരണം, ഒരുവന്റെ ജീവിതത്തെയോ പ്രവർത്തനത്തെയോ കുറിച്ച് ഒരു സാക്ഷ്യം പ്രസ്താവിക്കുമ്പോൾ അതിന്റെ മഹത്വത്തിൽ ഒരു ഭാഗം പോലും സ്വീകരിക്കാതിരിക്കുക എന്നത് അത്യന്തം ദുഷ്കരമായ ഒരു കാര്യമാണ്.

വേലയ്ക്കു ലഭിക്കേണ്ട പ്രശസ്തിയുടെ മുഴുവൻ പങ്കോ സിംഹഭാഗ

മോ നമ്മിൽ ആരും എടുക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു പക്ഷേ അതിന്റെ അഞ്ചോ പത്തോ ശതമാനം മാത്രമേ നാം എടുക്കുന്നുള്ളു. നാം ചെയ്ത മുഴുവൻ അധ്വാനത്തിനും വേണ്ടി അത്രയുമൊരു കമ്മീഷൻ ലഭിക്കുന്നത് അധികമായിരിക്കുമെന്നു നാമാരും തീർച്ചയായും കരുതുന്നില്ല.

അങ്ങനെയെങ്കിൽ നമ്മുടെ പല സഭകളിൽനിന്നും മഹത്വം പൊയ്പ്പോയിരിക്കുന്നുവെന്നും അവയ്ക്കുമേൽ 'ഈഖാബോദ്' എന്ന മുദ്ര (മഹത്വം പൊയ്പ്പോയി എന്നർത്ഥം) പതിക്കേണ്ടിയിരിക്കുന്നുവെന്നും വരുന്നതു നമ്മെ വിസ്മിതരാക്കേണ്ട ആവശ്യമുണ്ടോ?

ദൈവത്തിന്റെ മഹത്വത്തിന്മേൽ തൊട്ടുകളിക്കുന്നതിനെ നാം ഭയപ്പെടണം. നമ്മുടെ ദൈവം തീക്ഷ്ണതയുള്ള ദൈവമാണ്. അവിടുന്നു തന്റെ മഹത്വം – അതിന്റെ ഒരു ചെറിയ ശതമാനം പോലും – മറ്റൊരുത്തനും വിട്ടുകൊടുക്കുകയുമില്ല (യെശ. 42:8).

ഞാൻ ഇവിടെപ്പറഞ്ഞതുകൊണ്ടു നാമാരും ഒരിക്കലും സാക്ഷ്യം പറയരുതെന്ന് അർത്ഥമാക്കുന്നില്ല. ദൈവം നമ്മുടെ ജീവിതത്തിലൂടെയും നമ്മുടെ അധ്വാനത്തിലൂടെയും ചെയ്ത കാര്യങ്ങൾ പ്രസ്താവിക്കുന്നതു ന്യായം മാത്രമായിരിക്കുന്ന സന്ദർഭങ്ങൾ ഉണ്ട്. ദൈവത്തിന്റെ സമയത്തിനായി നാം കാത്തിരിക്കണം. അവിടുത്തെ സമയം വരുമ്പോൾ നമ്മെത്തന്നെ മറച്ചുകൊണ്ടും പൂർണ്ണമായി നമ്മെത്തന്നെ മറന്നുകൊണ്ടും നാം സംസാരിക്കണം.

**ദൈവമഹത്വം കണ്ടിട്ടുള്ള ഒരുവൻ ഈ ലോകത്തിലോ സുവിശേഷ വിഹിത ക്രിസ്ത്യാനികളുടെ വൃത്തങ്ങളിലോ പ്രശസ്തിക്കുവേണ്ടിയുള്ള മത്സരയോട്ടത്തിൽ ഒരിക്കലും ഏർപ്പെടുകയില്ല. ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ ലക്ഷ്യപ്രാപ്തിക്കായി മുന്നോട്ടായുന്നതിനിടയിൽ ഇതിലൊന്നിലും ഏർപ്പെടുവാൻ അവനു സാധ്യമല്ല. മറ്റുള്ളവർക്കു വെള്ളം ഒഴിച്ചുകൊടുക്കുവാനും തറ അടിച്ചുവാരുവാനും ഭൂമിയിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനും മാത്രമായിരിക്കും അവന്റെ ആഗ്രഹം.**

ഒരിക്കൽ പൗലൊസ് മൂന്നാം സ്വർഗ്ഗത്തോളം എടുത്തുകൊള്ളപ്പെട്ടു. എങ്കിലും പതിന്നാലു വർഷക്കാലം അദ്ദേഹം അതിനെപ്പററി പറയാതെ മൗനം പാലിച്ചു. തന്റെ അപ്പൊസ്തലത്വത്തെ എതിർത്തവരോട് ഉത്തരം പറയേണ്ടിവന്നപ്പോൾ മാത്രം അതിനെപ്പററി സംസാരിച്ചുവെങ്കിലും അതിന്റെ വിശദാംശങ്ങൾ വെളിപ്പെ ടുത്തിയില്ല (2 കൊരി. 12:2).

ദൈവമഹത്വം ദർശിച്ചിട്ടുള്ള ഒരുവൻ, എരിയുന്ന മുൾപ്പടർപ്പിന

രികെവച്ചു മോശ ചെയ്തതുപോലെയും ദൈവസിംഹാസനത്തിനുചുറ്റും നിൽക്കുന്ന സെറാഫുകൾ ചെയ്തതുപോലെയും സ്വന്തമുഖം മൂടിക്കളയും (പുറ. 3:6; യെശ. 6:2). മനുഷ്യരാൽ കാണപ്പെടുവാനും അറിയപ്പെടുവാനും അവൻ ആഗ്രഹിക്കുകയില്ല. ദൈവത്തെ അവിടുത്തെ പൂർണ്ണമഹത്വത്തിൽ കണ്ടശേഷം ആ മഹത്വത്തെ സ്പർശിക്കുവാൻ അവൻ ഭയപ്പെടും. അവൻ നിരന്തരം തന്റെ മുഖം മറയ്ക്കും. തന്നെപ്പറ്റിയോ തന്റെ വേലയെപ്പറ്റിയോ ഒഴിച്ചുകൂടാൻ പാടില്ലാത്തവണ്ണം ആവശ്യമാകുമ്പോഴല്ലാതെ അവൻ സംസാരിക്കുകയില്ല. സംസാരിക്കുമ്പോൾ തന്നെയും അതിന്റെ പ്രശസ്തിയുടെ ഒരംശമെങ്കിലും തനിക്കു ലഭിക്കാതവണ്ണം അമർത്തിയ ശബ്ദത്തിലായിരിക്കും സംസാരിക്കുന്നത്. തന്റെ സമർപ്പണത്തെയും തനിക്കു ലഭിച്ച അദ്ഭുതകരമായ അനുഭവത്തെയും അതിനായി താൻ സഹിച്ച ത്യാഗത്തെയും പറ്റി ഒരു പൊതുയോഗത്തിലോ ക്രിസ്തീയ മാസികയിലോ പ്രസ്താവിക്കുവാനുള്ള ജഡികമായ മോഹം അവൻ വെടിയും. (ഇതെല്ലാം ഒരുവനു സാക്ഷ്യമെന്ന വ്യാജേന പറയാവുന്ന കാര്യങ്ങളാണെങ്കിൽപ്പോലും).

ക്രൈസ്തവലോകത്തിൽ ഞാൻ കണ്ടിട്ടുള്ള മറ്റൊരു മോഹം നേതൃസ്ഥാനങ്ങൾക്കുവേണ്ടിയുള്ള അനാരോഗ്യകരമായ മോഹമാണ്. ഞാൻ നാവികസേനയിൽ ജോലി ചെയ്തിരുന്ന കാലത്തു തങ്ങൾക്ക് ഉന്നതസ്ഥാനങ്ങളിലേക്കു കയറ്റം കിട്ടുമെന്നുവന്നാൽ മറ്റുള്ളവരുടെ തോളിൽ ചാടിക്കയറുവാനും ആളുകളെ സ്വന്തം കാൽക്കീഴെയിട്ടു ചവിട്ടുവാനും മടി തോന്നാത്ത ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. ഞാൻ നാവികസേന വിട്ടു പുറത്തുപോന്ന സമയത്ത് ഇനി ഇപ്രകാരമുള്ള കാഴ്ചകൾ കാണേണ്ടിവരികയില്ല എന്നു ഞാൻ ചിന്തിച്ചു. എന്നാൽ നമ്മുടെ രാജ്യത്തു ക്രിസ്തീയവൃത്തങ്ങളിൽ പെരുമാറിക്കൊണ്ടു മുന്നോട്ടുപോയപ്പോൾ സുവിശേഷവിഹിത ക്രിസ്ത്യാനികളുടെ മധ്യത്തിൽപ്പോലും ആളുകൾ സ്ഥാനമോഹികളായി പരസ്പരം മത്സരിക്കുന്ന കാഴ്ച കണ്ടു ഞാൻ ആശ്ചര്യപ്പെടുകയും ദുഃഖിക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്ത്യാനികൾ സൂപ്രണ്ടു സ്ഥാനവും മൂപ്പൻസ്ഥാനവും ട്രഷറർസ്ഥാനവും ലഭിക്കുവാനും എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ കയറിപ്പറ്റുവാനും തന്ത്രങ്ങൾ ആവിഷ്കരിക്കുകയും പയറ്റുകയും ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്.

ഇതെല്ലാം ക്രിസ്തുവിന്റെ മനോഭാവത്തിനു വിരുദ്ധമാണ്. ദൈവമഹത്വം കണ്ടിട്ടുള്ള ഒരുവൻ ഈ ലോകത്തിലോ സുവിശേഷ വിഹിത ക്രിസ്ത്യാനികളുടെ വൃത്തങ്ങളിലോ പ്രശസ്തിക്കുവേണ്ടിയുള്ള മത്സരയോട്ടത്തിൽ ഒരിക്കലും ഏർപ്പെടുകയില്ല. ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ ലക്ഷ്യപ്രാപ്തിക്കായി മുന്നോട്ടായുന്നതിനിടയിൽ ഇതിലൊന്നിലും ഏർപ്പെടുവാൻ അവനു സാധ്യമല്ല. മറ്റുള്ളവർക്കു വെള്ളം ഒഴിച്ചുകൊടുക്കുവാനും തറ അടിച്ചുവാരുവാനും ഭൂമിയിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനും മാത്രമായിരിക്കും അവന്റെ ആഗ്രഹം. *(തുടരും)*

വചനദീപം

## വിശുദ്ധ ജീവിതം – 2

(കഴിഞ്ഞ ലക്കം തുടർച്ച...)

# പരിശുദ്ധാത്മാവിലൂടെ വിശുദ്ധജീവിതം

സാമുവൽ ലോഗൻ ബ്രെങ്കിൾ

"പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു" (ഹോശ. 4:6).

"ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു" (യോഹ. 17:3).

വിശുദ്ധീകരണത്തിൽ അനേകരും വിശ്വസിക്കുന്നുണ്ട്. എന്നാൽ ആ അനുഭവത്തിലേക്ക് ഒരിക്കൽ പ്രവേശിക്കയല്ല, അതിലേക്കു വളർന്നുകൊണ്ടിരിക്കുകയാണ് എന്നത്രെ പലരും വിശ്വസിക്കുന്നത്. വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്ക് ഒരു വിശ്വാസിക്കു പ്രവേശിക്കുവാൻ കഴിയും എന്നു വിശ്വസിക്കാത്തതിനാലാണ് അനേകരും ഈ അനുഭവത്തിനുവേണ്ടി ആഗ്രഹിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്യാതെയിരിക്കുന്നത്. പാപസ്വഭാവത്തിന്റെ ശക്തി മനസ്സിലാക്കി വിശ്വാസത്താൽ അതിന്റെമേൽ ജയം പ്രാപിക്കുന്ന ഒരനുഭവമുണ്ട്.

വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ വിട്ടുകളകയും പ്രാപിക്കുകയും ചെയ്യേണ്ട കാര്യങ്ങളുണ്ട്. "ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ്" (1 പത്രൊ. 2:1). യേശുക്രിസ്തുവിന്റെ സ്വഭാവത്തിന് ചേരാത്ത സകലത്തെയും വിട്ടുകളഞ്ഞ് വിശുദ്ധീകരിക്കപ്പെടുക. ജീവിതത്തിന്റെ വളർച്ചയിൽ അനുഭവമാകേണ്ട ഒന്നല്ല ഇത്. പിന്നെയോ ഈ സ്വഭാവങ്ങളെ നാം ത്യജിച്ചു കളയേണ്ടതത്രെ. എന്നാൽ വളർച്ചയിൽ നാം പ്രാപിക്കുന്ന കാര്യങ്ങളുണ്ട്. "ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവയൊക്കെയും വിട്ടുകളവിൻ" (കൊല. 3:8). ഒരുവൻ തന്റെ വസ്ത്രം അഴിച്ചുകളയുന്നതുപോലെ ഈ സ്വഭാവങ്ങളെ വിട്ടു തിരിയണമെന്നത്രെ അപ്പൊസ്തലൻ പഠിപ്പിക്കുന്നത്.

"അതുകൊണ്ട് ദൈവത്തിന്റെ വൃതന്മാരും, വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട്" (കൊലൊ. 3:12). പുതിയ വസ്ത്രം ധരിക്കുന്നതുപോലെ ഈ സ്വഭാവങ്ങളെ ധരിച്ചുകൊൾവാൻ

**പാപപ്രകൃതിയെ ഹനിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്ത നമാണു വിശുദ്ധീകരണം. മാനസാ ന്തരപ്പെട്ടവരിലാണു പരിശുദ്ധാ ത്മാവ് വിശുദ്ധീ കരണത്തിന്റെ ക്രിയ ചെയ്യുന്നത്. പാപപ്രകൃതി യിൽനിന്ന് ശുദ്ധീകരിക്കുന്ന ശക്തിയത്രെ പെന്തക്കോസ്തു നാളിൽ അവർക്കു അനുഭവമായ ത്. പെന്തക്കോസ്തു നാളിനു മുമ്പ് അവർ മാനസാന്തരത്തിന്റെ അനുഭ വത്തിൽ വന്നവരാണ് എന്നുള്ള തിനെ ആരും ചോദ്യം ചെയ്കയില്ല. "നിങ്ങളുടെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ സന്തോഷിപ്പിൻ" എന്നു കർത്താവു പറഞ്ഞതിനാൽ അവർ രക്ഷിക്ക പ്പെട്ടവരായിരുന്നു എന്നുള്ളതിന് സംശയമില്ല**

അപ്പൊസ്തലൻ ഉപദേശിക്കുന്നു. വസ്ത്രം ധരിച്ചിരിക്കുന്ന ഒരു മനു ഷ്യന് വളർച്ച ഉള്ളതുപോലെ തന്നെ വിശുദ്ധ ജീവിതത്തിനായി പ്രതി ഷ്ഠിച്ച ഒരു മനുഷ്യൻ വിശുദ്ധ ജീവി ത്തിൽ വളർന്നു കൊണ്ടിരിക്കാം. മുളച്ച വിത്തു വളർന്നു വരുന്നതി നാൽ അതിന്റെ ഇടയിലെ കള നശി ക്കുന്നില്ല. അതു പറിച്ചു കളയേണ്ടത് ആവശ്യമാണ്. ചെളിയിൽ വീണ ഒരു കുട്ടിക്കു കഴുകൽ ആവശ്യമായിരി ക്കുന്നതുപോലെ ഒരു കഴുകൽ നമുക്ക് ആവശ്യം തന്നെയാണ്. "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യൊഹ. 1:8).

ഏകദേശം അറുപതു വർഷക്കാല മായി രക്ഷിക്കപ്പെട്ടിരുന്ന ഒരു പ്രൊഫസറെ എനിക്കറിയാം. ജീവി തത്തിൽ ക്രമേണ വളർന്നു വരുന്ന തിന്റെ ഫലമായിട്ടാണ് വിശുദ്ധ ജീവിതം ഉണ്ടാകുന്നതെന്ന് അദ്ദേഹം പഠിപ്പിച്ചു വന്നു. എന്നാൽ യഥാർത്ഥമായ വിശുദ്ധ ജീവിത ത്തിന്റെ അനുഭവം അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല. അറുപതു വർഷ ക്കാലം വളർന്നുകൊണ്ടിരുന്നിട്ടും ജീവിതത്തിൽ വിശുദ്ധീകരണം ലഭി ച്ചില്ലയോ എന്നു ഞാൻ അദ്ദേഹ ത്തോടു ചോദിച്ചു. വിശുദ്ധീകരണ ത്തിനുവേണ്ടി ആലോചന പറഞ്ഞു. ദൈവസന്നിധിയിൽ കാത്തിരുന്നു തന്റെ കുറവുകളെ ഓരോന്നായി ഏറ്റുപറഞ്ഞ് അദ്ദേഹം വിശുദ്ധജീവി തത്തിനായി പൂർണ്ണമായി പ്രതിഷ്ഠി ച്ചു. ഒരു ദിവസം പ്രാർത്ഥിച്ചുകൊണ്ടി രിക്കുമ്പോൾ "ഉദയം അസ്തമന ത്തോട് അകന്നിരിക്കുന്നതുപോലെ എന്റെ ലംഘനങ്ങളെ അവൻ എന്നോട് അകറ്റിയിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം പെട്ടെന്ന് എഴുന്നേറ്റു. ജീവിതത്തിൽ വിശുദ്ധീ കരണത്തിന്റെ അനുഭവം ദൈവമ ക്കൾക്ക് അനുഭവമാകുന്നതാണ് എന്നു സാക്ഷിച്ചു.

"ഞാൻ രക്ഷിക്കപ്പെട്ടപ്പോൾ തന്നെ ദൈവം എന്നെ വിശുദ്ധീകരി ച്ചിരിക്കുന്നു" എന്ന് ഒരു വിശ്വാസി എന്നോടു പറഞ്ഞു. ദൈവം മനു ഷ്യനെ രക്ഷിക്കുമ്പോൾ അപൂർണ്ണ മായ ഒരു വേലയല്ല ചെയ്യുന്നത്

എന്ന് അവൻ വാദിച്ചു. ദൈവം നിന്നെ രക്ഷിച്ചപ്പോൾ നിന്റെ സകല പാപങ്ങളും അവൻ നിനക്കു മോചിച്ചു തന്നിരിക്കുന്നു എന്നും, നീ ഏറ്റു പറഞ്ഞ ഒരു പാപവും നിനക്ക് വിരോധമായി ഇനിയും ഓർക്കയില്ലെന്നും, നിന്നെ തന്റെ മകനായി ദൈവം ദത്തെടുത്തിരിക്കുന്നു എന്നും നീ ദൈവഭവനത്തിലെ ഒരംഗമാണ് എന്നും നിന്റെ ഉള്ളിൽ ഇരുന്നുകൊണ്ട് സാക്ഷ്യം പറയുന്നതിന് തന്റെ പരിശുദ്ധാത്മാവിനെ നിന്നിൽ തന്നിരിക്കുന്നു എന്നും ക്രിസ്തുവിനോടുകൂടെ കൂട്ടവകാശിയായി ത്തീർന്നു എന്നുള്ളത് ഒരു കോടി രൂപാ കിട്ടുന്നതിനെക്കാൾ വലിയ ധനമാണ് എന്നും ഞാൻ അവനോട് പറഞ്ഞു. രക്ഷിക്കപ്പെടുക എന്നുള്ളത് അത്ഭുതകരമായ ഒരു അനുഭവം തന്നെയാണ്. ''എന്നാൽ സഹോദരാ! നിന്റെ കോപത്തിന്മേലും സഹിഷ്ണുതയില്ലായ്മയുടെ മേലും നിനക്കു ജയവും വിടുതലും ലഭിച്ചിട്ടുണ്ടോ? ഒരു വിശുദ്ധീവിതം ജീവിക്കുവാൻ നിനക്കു സാധിക്കുന്നുണ്ടോ? എന്നു ഞാൻ അവനോടു ചോദിച്ചതിന് "കോപസ്വഭാവത്തിൽ നിന്നും പ്രകൃതിയിൽ നിന്നും ഒരു സ്വാതന്ത്ര്യം ഈ ലോകത്തിൽ വച്ച് സാധ്യമല്ല" എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. എന്നുമാത്രമല്ല, ഒരു വിശുദ്ധ ജീവിതത്തിന്റെ അനുഭവം താൻ രക്ഷിക്കപ്പെട്ട നാൾ മുതൽ തനിക്കു ലഭിച്ചിട്ടുണ്ട് എന്നും പറഞ്ഞു. എന്നാൽ രക്ഷിക്കപ്പെടുന്ന സമയത്തു തന്നെ ഒരുവന് വിശുദ്ധീകരണവും നിർമ്മലമായ ഹൃദയവും ലഭിക്കുന്നു എന്നു വേദപുസ്തകം പഠിപ്പിക്കുന്നില്ല. പാപമോചനം അവന് ലഭിക്കുന്നുണ്ട്. ദൈവപൈതലായിത്തീർന്നു എന്നുള്ള സാക്ഷ്യം അവന്റെ ഹൃദയത്തിലുണ്ട്. അവന്റെ ആഗ്രഹങ്ങൾക്കും താല്പര്യങ്ങൾക്കും വ്യത്യാസം വരുന്നുണ്ട്. എന്നാൽ പാപസ്വഭാവങ്ങൾ അവനിൽ നിന്നു ഉയർന്നു വന്നുകൊണ്ടിരിക്കുന്നു എന്ന് അവൻ അനുഭവത്തിൽ നിന്നു മനസ്സിലാക്കുന്നു. സഹിഷ്ണുത അവനുണ്ട്. എന്നാൽ അസഹിഷ്ണുത ഉയർന്നു വരും. അവന് ദയയുണ്ട്. എന്നാൽ ക്രൂരത ഉള്ളിലുണ്ട്. താഴ്മയുള്ളപ്പോൾ തന്നെ നിഗളവും ഹൃദയത്തിൽ ഉണ്ട്. ആത്മാവിന്റെ ഫലവും ജഡത്തിന്റെ ഫലവും സമ്മിശ്രമായിട്ടത്രെ അവനിൽ കാണുന്നത്. അതിനാൽ ഹൃദയത്തിന്റെ ശുദ്ധീകരണം അവന് ആവശ്യമത്രെ. സമ്പൂർണ്ണമായ സമർപ്പണത്തിന്റെ ഫലമായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് ചെയ്യുന്ന ഒരു പ്രവർത്തനമത്രെ ശുദ്ധീകരണം.

മാനസാന്തരത്തിന് ശേഷവും ജഡത്തിന്റെ ക്രിയകളും പാപപ്രകൃതിയും അവനിൽ അവശേഷിക്കുന്നുണ്ട് എന്ന് അവൻ മനസ്സിലാക്കുന്നു. പാപപ്രകൃതിയെ ഹനിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണു വിശുദ്ധീകരണം. മാനസാന്തരപ്പെട്ടവരിലാണു പരിശുദ്ധാത്മാവ് വിശുദ്ധീകരണത്തിന്റെ ക്രിയ ചെയ്യുന്നത്. പാപപ്രകൃതിയിൽനിന്ന് ശുദ്ധീകരിക്കുന്ന ശക്തിയത്രെ പെന്തക്കോസ്തു നാളിൽ അവർക്കു അനുഭവമായത്. പെന്തക്കോസ്തു നാളിനു മുമ്പ് അവർ മാനസാന്തരത്തിന്റെ അനുഭവത്തിൽ വന്നവരാണ് എന്നുള്ളതിനെ ആരും ചോദ്യം ചെയ്കയില്ല. "നിങ്ങളുടെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ സന്തോഷിപ്പിൻ" എന്നു കർത്താവു പറഞ്ഞതിനാൽ അവർ രക്ഷിക്കപ്പെട്ടവരായിരുന്നു എന്നുള്ളതിന് സംശയമില്ല (ലൂ

ക്കൊ. 10:10). "ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ല" എന്നു യോഹന്നാൽ 17:16–ൽ അവരെക്കുറിച്ചു എഴുതിയിട്ടുണ്ട്. രക്ഷിക്കപ്പെടാത്ത ഒരുവനെക്കുറിച്ച് ഈ സാക്ഷ്യം പറയുവാൻ സാദ്ധ്യമല്ല. എന്നാൽ അവർക്കു പെന്തക്കോസ്തു നാളിലുണ്ടായ അനുഭവമാണ് അവരെ ശുദ്ധീകരണത്തിലേക്കു വഴി നടത്തിയത്. ഇതിന് പത്രൊസ് സാക്ഷ്യം പറഞ്ഞിട്ടുണ്ട്. "ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്കു തന്നതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ കൊടുത്തുകൊണ്ട് സാക്ഷി നിന്നു വിശ്വാസത്തിൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചതിനാൽ" (അപ്പൊ. പ്ര. 15:8,9).

പത്രൊസിന് ഈ അനുഭവം ഉണ്ടാകുന്നതിനു മുമ്പ് അവൻ വ്യത്യാസപ്പെട്ട ഒരു മനുഷ്യനായിരുന്നു. എല്ലാവരും തള്ളിപ്പറഞ്ഞാലും ഗുരുവിനെ തള്ളിപ്പറകയില്ല എന്നും, യേശുക്രിസ്തുവിനോടുകൂടെ മരിക്കേണ്ടി വന്നാലും അവനെ തള്ളിപ്പറകയില്ല എന്നും ഉറപ്പു പറഞ്ഞവൻ കേവലം ഒരു വേലക്കാരിയുടെ മുമ്പിൽ അവനെ തള്ളിപ്പറഞ്ഞു. എന്നാൽ പെന്തക്കൊസ്തു നാളിനു ശേഷം ക്രിസ്തുവിനെ പ്രസംഗിച്ചതിനാൽ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവൻ പറയുന്നതെന്ത്? "ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടും ഇരിക്കുന്നത് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല എന്നു പറഞ്ഞു" (അപ്പൊ. പ്ര. 4:19,20). പരിശുദ്ധാത്മാവിനാൽ അവനിൽ വ്യാപരിച്ച തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കി. അവനിൽ നിഗളമില്ല. സുന്ദരം എന്ന പടിവാതില്ക്കൽ ഇരുന്ന മുടന്തനെ സൗഖ്യമാക്കിയിട്ട് ഞങ്ങളുടെ നന്മയാലല്ല എന്നു പറഞ്ഞു ദൈവത്തിനു മഹത്വം കൊടുക്കുകയത്രെ ചെയ്യുന്നത്. കോപിയായ പത്രൊസ് ശാന്തനായിത്തീർന്നു.

എന്നാൽ പെന്തക്കൊസ്തു നാളിൽ പത്രൊസിന് ലഭിച്ച അനുഭവം എല്ലാവർക്കും ഉള്ളതല്ല എന്നു പറയുന്നവരുമുണ്ട്. "വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥരായ ഏവർക്കും ഉള്ളതല്ലൊ" എന്നത്രെ പത്രൊസ് പറയുന്നത് (അപ്പൊ. പ്ര. 2:38,39). "അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും" (ലൂക്കൊ. 11:13).

ഈ അനുഭവത്തിനുവേണ്ടി രക്ഷാസൈന്യത്തിലെ ഒരു ഉദ്യോഗസ്ഥൻ അതിയായി വാഞ്ഛിച്ചു. ഒരു യോഗത്തിൽ നിന്നു തിരികെ ചെന്നു തന്റെ മുറിയിൽ കടന്നു വേദപുസ്തകം തുറന്ന് അപ്പൊ. പ്രവൃ. 2–ാം അധ്യായം വായിച്ചു. ഈ അനുഭവം തനിക്കു ലഭിക്കുന്നതുവരെ താൻ അവിടെ നിന്നും എഴുന്നേല്ക്കുകയില്ല എന്നു പറഞ്ഞുകൊണ്ടു പ്രാർത്ഥിക്കുവാൻ തുടങ്ങി. ദൈവം തന്റെ ആത്മാവിനാൽ അവനെ നിറച്ചു. ഇത് ഏതു വിശ്വാസിക്കും അനുഭവമാക്കാവുന്നതത്രെ. *(തുടരും)*

## ഇരുമനസ്സ് ഉള്ളവൻ–2

# ഇരുമനസ്സിനു കാരണം അവിശ്വാസം

(കഴിഞ്ഞ ലക്കം തുടർച്ച...)

ഏലിയാസ് അസ്ലാക്സൻ

**യാക്കോബിന്റെ** ലേഖനത്തിലെ രണ്ടു ഭാഗങ്ങളിൽ ഇരുമനസ്സിനെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. അനേക വർഷങ്ങളായി യാക്കോബിനെ ദൈവവചന വിദഗ്ധനായ ഒരുവനെന്നു ഞാൻ വ്യവഹരിച്ചു പോരുന്നു. താൻ എഴുതുന്ന എല്ലാ കാര്യങ്ങളിലും അദ്ദേഹം ഒരു വിദഗ്ധൻ തന്നെ. അദ്ദേഹത്തിന്റെ വാക്കുകൾ ശക്തവും വ്യക്തവും ഋജുവും പ്രകാശപൂർണ്ണവുമാണ്. ഒരു അത്ഭുത ദൈവപുരുഷനാണദ്ദേഹം (യാക്കോബ് 1:5). ഒരു ദൃഷ്ടാന്തമായിട്ടാണ് ഇവിടെ ജ്ഞാനത്തെപ്പറ്റി അദ്ദേഹം പരാമർശിക്കുന്നത്. എന്നാൽ രക്ഷയിലൂടെ നമുക്കു ലഭിക്കാവുന്ന ദൈവസ്നേഹം, വിശ്വാസം തുടങ്ങിയ എല്ലാ കാര്യത്തിനും ഈ പ്രസ്താവന യോജിക്കും. സാധാരണക്കാരുടെ പ്രാർത്ഥനയിൽ ഇതെങ്ങനെ പ്രവർത്തിക്കുന്നുവെന്നു നോക്കാം. തങ്ങളുടെ ആവശ്യങ്ങൾ ദൈവത്തോടറിയിക്കുന്നതു മാത്രമാണ് പ്രാർത്ഥനയെന്ന് അവർ കരുതുന്നു. ഇതൊരു വലിയ തെറ്റിദ്ധാരണയാണ്. യഥാർത്ഥത്തിൽ അതൊരു പരസ്പര വൈരുദ്ധ്യം തന്നെ. എനിക്ക് ഇല്ലാതിരിക്കുന്ന വസ്തു ഇന്നതെന്നു ഞാൻ ദൈവത്തോടു പറയുക മാത്രം ചെയ്യുമ്പോൾ അതിൽ ദൈവത്തിന് എന്തു താൽപര്യമാണുള്ളത്? എനിക്കു തന്നെയും അതിൽ എന്താണു താൽപര്യം? ഏറ്റവും ആഴമായ, ഏറ്റവും സത്യമായ അർത്ഥത്തിൽ ഇതു പ്രാർത്ഥനയ്ക്കു നേരെ വിപരീതമായ കാര്യമാണ്. ജ്ഞാനം, സ്നേഹം, ക്ഷമ എന്നിവയ്ക്കായി പ്രാർത്ഥിക്കയും അതു പ്രാപിക്കുവാനുള്ള വിശ്വാസം എന്നല്ല അതിന്റെ പ്രതീക്ഷപോലും ഇല്ലാതിരിക്കയും ചെയ്യുമ്പോൾ അതിനാണ് ഇരുമനസ്സ് എന്നു പറയുന്നത്. അതേ, അതു കിട്ടുവാൻ എനിക്ക് ആഗ്രഹമുണ്ട്; പക്ഷേ അതു കൂടാതെയും എനിക്കു മുന്നോട്ടു പോകാൻ കഴിയും. മിക്ക മനുഷ്യരും തങ്ങളുടെ ആയുഷ്കാലം മുഴുവൻ ഇങ്ങനെയാണ് പ്രാർത്ഥിക്കുന്നത്. തങ്ങൾ പ്രാർത്ഥിച്ച കാര്യം ഒരിക്കലും അവർക്കു ലഭിക്കുന്നതുമില്ല. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ അവർ ഇരുമനസ്സുള്ളവരാണ്. രണ്ടു മനസ്സാണ് അവർക്കുള്ളത്. മരിച്ചവരെ ജീവിപ്പിക്കുവാൻ പര്യാപ്തമായ വിധം അത്ര മൂർച്ചയോടുകൂടി യാക്കോബ് ഈ സത്യം അവതരിപ്പിക്കുന്നു. എന്നാൽ ഇതു വായിച്ചിട്ട് പലപ്പോഴും നമുക്കൊന്നും സംഭവിക്കുന്നില്ല. നമ്മിലുള്ള ഒന്നിനെയും അതു ജീവിപ്പിക്കുന്നുമില്ല. പ്രാർത്ഥനയിൽ തങ്ങൾ യാചിക്കുന്ന സ്നേഹം, ജ്ഞാനം, ക്ഷമ എന്നിവയാൽ നിറഞ്ഞവരായി ആളുകൾ തീരുന്നതുമില്ല.

അവർ മണിക്കൂറുകളോളം പ്രാർത്ഥിക്കുന്നു. രണ്ടു മണിക്കൂർ പ്രാർത്ഥിച്ചാൽ ഒരു മണിക്കൂർ പ്രാർത്ഥിക്കുന്നതിനെക്കാൾ ഇരട്ടി ഫലമുണ്ടെന്നു അവർ ചിന്തിക്കുന്നു. എന്നാൽ ഒന്നാമത്തെ മണിക്കൂറിലോ രണ്ടാമത്തെ മണിക്കൂറിലോ ഞാൻ പ്രാർത്ഥിച്ചതൊന്നും എനിക്കു ലഭിക്കുന്നില്ലെങ്കിൽ എന്താണൊരു പ്രയോജനം? പ്രാർത്ഥനയുടെ ലക്ഷ്യം ഒരു സജീവവിശ്വാസം പ്രാപിക്കുകയാണ്. അതു പ്രാപിക്കുന്നില്ലെങ്കിൽ പ്രാർത്ഥന തികച്ചും നിഷ്ഫലമാണ്. പിന്നെ ദീർഘസമയം പ്രാർത്ഥിച്ചു എന്നവകാശപ്പെടുന്നതു കൊണ്ട് എന്തു ഫലം? ഞാൻ പ്രാർത്ഥിക്കുന്ന കാര്യം സാധിക്കുമാറു ഫലം ലഭിക്കുകയാണാവശ്യം.

"എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കണം" (വാ.6). ഇതേ കാര്യം യേശു പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്: "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ.' ആദ്യം നാം കേൾക്കുന്നത് - ''യാചിപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും" എന്നാണ്. അതു ആരംഭ വചനം. എന്നാൽ പിന്നീട് കൂടുതൽ വിശദമായി - "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചുവെന്നു വിശ്വസിച്ചാൽ അതു നിങ്ങൾക്കുണ്ടാകും" എന്നു കർത്താവ് അരുളിച്ചെയ്യുന്നു. വിശ്വാസമെന്നത് അവ്യക്തമോ രൂപരഹിതമോ ആയ ഒരു കാര്യമല്ല; അതു വ്യക്തവും ഉറപ്പുള്ളതുമാണ്. നിങ്ങൾ പ്രാർത്ഥിച്ച കാര്യം ലഭിക്കും എന്ന ഉറപ്പും നിശ്ചയവും അതിൽ അടങ്ങിയിരിക്കുന്നു (1യോഹ. 5:14,15). "അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു... അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു." ഒരുവൻ രക്ഷയ്ക്കായി പ്രാർത്ഥിക്കുമ്പോൾ അതു ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള പ്രാർത്ഥനയാണല്ലോ.

''സംശയിക്കുന്നവൻ കാറ്റടിച്ച് അലയുന്ന കടൽത്തിരയ്ക്കു സമൻ." അവൻ ഒരു പിങ്പോങ് പന്തുപോലെ മുന്നോട്ടും പിന്നോട്ടും അലയുന്നവനാണ്. ഇതു പറഞ്ഞ ശേഷം 7-ാം വാക്യത്തിൽ ഭയാനകമായ വിധം ശക്തവും സത്യവുമായ ഒരു കാര്യം നാം കാണുന്നു: "ഇങ്ങനെയുള്ള ഒരു മനുഷ്യൻ കർത്താവിങ്കൽ നിന്നു വല്ലതും ലഭിക്കുമെന്നു നിരൂപിക്കരുത്." 8-ാം വാക്യത്തിൽ ഈ മനുഷ്യന്റെ ഒരു നിർവചനം നാം കാണുന്നു: "ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു." ഇതു ആളുകൾ ഗൗരവമായിട്ടെടുക്കുന്ന പക്ഷം തങ്ങളെല്ലാം ഇരുമനസ്സുകാരാണെന്ന് അവർക്കു ബോധ്യപ്പെടും. പ്രാർത്ഥിക്കുന്ന സമയത്തു നിങ്ങൾക്കാവശ്യമുള്ള കാര്യം ഇന്നതെന്നു പറയുന്നതു കൊണ്ടു മാത്രം പ്രാർത്ഥന പൂർണ്ണമാകുന്നില്ല: നിങ്ങൾ

പ്രാർത്ഥിച്ച കാര്യം ലഭിക്കുമെന്ന വിശ്വാസം കൂടി ഉണ്ടാകുമ്പോഴേ പ്രാർത്ഥന പൂർണ്ണമാകുന്നുള്ളു.

പ്രാർത്ഥന എന്ന പദം തെറ്റായി പ്രയോഗിക്കുവാൻ നിങ്ങൾക്കു കഴിയും. പലരും അപ്രകാരം പ്രയോഗിക്കുന്നവരാണ്. അവർ മണിക്കൂറുകളോളം പ്രാർത്ഥിക്കുന്നു. രണ്ടു മണിക്കൂർ പ്രാർത്ഥിച്ചാൽ ഒരു മണിക്കൂർ പ്രാർത്ഥിക്കുന്നതിനെക്കാൾ ഇരട്ടി ഫലമുണ്ടെന്നു അവർ ചിന്തിക്കുന്നു. എന്നാൽ ഒന്നാമത്തെ മണിക്കൂറിലോ രണ്ടാമത്തെ മണിക്കൂറിലോ ഞാൻ പ്രാർത്ഥിച്ചതൊന്നും എനിക്കു ലഭിക്കുന്നില്ലെങ്കിൽ എന്താണൊരു പ്രയോജനം? പ്രാർത്ഥനയുടെ ലക്ഷ്യം ഒരു സജീവവിശ്വാസം പ്രാപിക്കുകയാണ്. അതു പ്രാപിക്കുന്നില്ലെങ്കിൽ പ്രാർത്ഥന തികച്ചും നിഷ്ഫലമാണ്. പിന്നെ ദീർഘസമയം പ്രാർത്ഥിച്ചു എന്നവകാശപ്പെടുന്നതു കൊണ്ട് എന്തു ഫലം? ഞാൻ പ്രാർത്ഥിക്കുന്ന കാര്യം സാധിക്കുമാറു ഫലം ലഭിക്കുകയാണാവശ്യം. ഇരുമനസ്സിന്റെ ഏറ്റവും സാധാരണമായ പ്രകടനം ഇതാണെന്നു ഞാൻ കരുതുന്നു. ആരംഭത്തിൽ എല്ലാവരും ഈവിധം തന്നെയാണ്. ഒരുവൻ ജീവിതകാലം മുഴുവൻ ഇങ്ങനെ തന്നെ തുടർന്നെന്നും വരാം. പ്രാർത്ഥിക്കുന്ന മനുഷ്യൻ ദൈവസന്നിധിയിൽ നിന്നു മാറിപ്പോകാതെ അവിടെത്തന്നെ തുടരുന്നു എന്നൊരു ചെറിയ പ്രയോജനം ഇതിനുണ്ടുതാനും. എങ്കിലും യഥാർത്ഥത്തിൽ ആ പ്രാർത്ഥന ഫലശൂന്യം തന്നെ.

"വിശ്വസിക്കുവാൻ ശ്രമിക്കുക" എന്നൊരു കാര്യം ഇല്ല തന്നെ. അതു അർത്ഥശൂന്യമായ പദപ്രയോഗമാണ്. ഒന്നുകിൽ നാം വിശ്വസിക്കുന്നു; അല്ലെങ്കിൽ വിശ്വസിക്കുന്നില്ല. നാം പ്രാർത്ഥിക്കുന്ന ഏതു കാര്യത്തിലും ഇതു ശരിയാണ്. നാം വിശ്വസിക്കുന്നില്ലെങ്കിൽ പ്രാർത്ഥന കൊണ്ട് ഒരു കാര്യവുമില്ല. പ്രാർത്ഥനയുടെ അവസാനത്തിൽ വിശ്വാസത്തിൽ മുറുകെപ്പിടിക്കുവാനുള്ള ഏകാഗ്രചിത്തത നിങ്ങൾക്കില്ലെങ്കിൽ മണിക്കൂറുകൾ പ്രാർത്ഥിക്കുന്നത് ഒരു വൃഥാപ്രയത്നമാണ്. നേരേമറിച്ച് വിശ്വാസത്തെ നിങ്ങൾ മുറുകെപ്പിടിക്കുന്ന പക്ഷം ദീർഘനേരം പ്രാർത്ഥിച്ചോ ഇല്ലയോ എന്നത് അപ്രസക്തം തന്നെ.

യേശു പറഞ്ഞു: "ന്യായവിധി എന്നതോ വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യൻ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ" (യോഹ. 3:19). ഇതിനെപ്പറ്റി ആളുകൾക്കു വെളിച്ചമില്ല. പ്രാർത്ഥിച്ച കാര്യം ലഭിച്ചുവെങ്കിൽ ആളുകൾ സന്തുഷ്ടരാണ്. ഒരുപക്ഷേ ലഭിച്ചില്ലെങ്കിലും അവർ മുന്നോട്ടു പൊയ്ക്കൊള്ളും. ഒരുവശത്ത് അതു ലഭിക്കുവാൻ അവർക്കു വലിയ താൽപര്യമാണ്. എന്നാൽ മറുവശത്ത് അവർക്കു ലേശവും താൽപര്യമില്ല. കാരണം, അവർ ഇരുമനസ്സുകാരാണ്.

"പാപികളേ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളവരെ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ" (യൊക്കോ. 4:8). നാമെല്ലാവരും അവശ്യം ചെയ്യേണ്ട കാര്യമാണിത്. ഇതിനെക്കാളധികം വ്യക്തമായി ഇതെഴുതുവാൻ സാധ്യമല്ല. നമുക്കില്ലാത്ത വെളിച്ചം പിന്തുടരുവാൻ നമുക്കു സാധ്യമല്ല. എന്നാൽ നാം നേരുള്ളവരെങ്കിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ അധികമധികം വെളിച്ചം നമ്മുടെ മേൽ ഉദിക്കും. നാം വെളിച്ചത്തിൽ നിന്നു വെളിച്ചത്തിലേക്കും ശക്തിയിൽ

നിന്നും ശക്തിയിലേക്കും (അപ്പോൾ കാര്യങ്ങൾ നടക്കും) മഹത്വ ത്തിൽനിന്നു മഹത്വത്തിലേക്കും ഉയ രും. ദൈവികമായ ജീവിതമൊഴിച്ചു മറ്റൊന്നും മഹത്വമുള്ളതല്ല.

"നിങ്ങളുടെ ആവശ്യം മനസ്സി ലാക്കി (നോർവീജിയൻ) സങ്കടപ്പെട്ടു ദുഃഖിച്ചു കരവിൻ. നിങ്ങളുടെ ചിരി ദുഃഖമായും സന്തോഷം വിഷാദ മായും തീരട്ടെ" (വാ.9). നിറുത്തുക നിങ്ങളുടെ ചിരി, നിങ്ങളുടെ സന്തോ ഷം ദുഃഖമായി മാറട്ടെ. സന്തോഷി ക്കുന്നതു നിറുത്തിയിട്ട് നിങ്ങളുടെ പാപങ്ങളെ ഏറ്റു പറയുക. ഇതിൽ നിങ്ങൾക്കാവശ്യമായ രക്ഷയ്ക്കായി പ്രാർത്ഥിക്കുക. അതു ലഭിക്കുമെന്നു വിശ്വസിക്കയും ചെയ്യുക.

തുടർന്നു പത്താം വാക്യത്തിൽ കാണുന്ന കാര്യം ഏറ്റവും അർത്ഥ വത്തായ ഒന്നാണ്: "കർത്താവിന്റെ സന്നിധിയിൽ താഴുവിൻ: എന്നാൽ അവൻ നിങ്ങളെ ഉയർത്തും." 11-ാം വാക്യത്തിൽ എഴുതിയിരിക്കുന്നതും അർത്ഥപൂർണ്ണം തന്നെ: "സഹോദര ന്മാരേ, അന്യോന്യം ദുഷിക്കരുത്." ഇതു നിങ്ങൾ ചെയ്യുകയും അതേ സമയം തന്നെ സഹോദരവർഗ്ഗത്തെ സ്നേഹിക്കുന്നു എന്നു പറകയും ചെയ്യുന്നത് പരമദയനീയം തന്നെ. അതു ഭയാനകമായ കാര്യമത്രേ. അത് എത്രമാത്രം ദോഷകരമെന്നു പറയുവാൻ തക്കവാക്കുകൾ ഇല്ല. "സഹോദരനെ ദുഷിക്കയും വിധി ക്കയും ചെയ്യുന്നവൻ ന്യായപ്രമാ ണത്തെ ദുഷിക്കയും ന്യായപ്രമാണ ത്തെ വിധിക്കയും ചെയ്യുന്നു." ഇത് ഏറ്റവും അത്ഭുതാവഹമായ വെളിച്ചം തന്നെ. ഇതുപോലെ ഒരു വചനം നിങ്ങൾ എന്നെങ്കിലും കേട്ടിട്ടുണ്ടോ? ആര് അപ്രകാരം കേട്ടിട്ടുള്ളതായി സമ്മതിക്കും? ദൈവചനം നാം ഹൃദ യത്തിലേക്കു സ്വീകരിക്കണം. അതു കേവലം ബുദ്ധിയിൽ മാത്രം നില്ക്കേ ണ്ടതല്ല. ഈ സത്യത്തെ സ്നേഹി ക്കുക എന്നതാണ് ഇവിടെ ഏറ്റവും പ്രധാനം. "നീ ന്യായപ്രമാണത്തെ വിധിക്കുന്നു എങ്കിൽ, ന്യായപ്രമാ ണത്തെ അനുഷ്ഠിക്കുന്നവനല്ല, വിധിക്കുന്നവനത്രേ.'' അപ്പോൾ നിങ്ങൾ ദൈവത്തേയും അവിടുത്തെ വചനത്തെയും വിധിക്കുന്ന ഒരു വിധി കർത്താവായി സ്വയം ഉയർത്തുകയാ ണ്.

''ന്യായപ്രമാണ കർത്താവും ന്യായാധിപതിയും ഒരുവൻ മാത്രമേ യുള്ളു. രക്ഷിപ്പാനും നശിപ്പിപ്പാനും ശക്തനായവൻ തന്നെ'' (വാ.12). നാശമടയുന്നതിനെക്കുറിച്ചുള്ള ഒരു ഭയം ആർക്കാണുള്ളത്? "കൂട്ടുകാ രനെ വിധിപ്പാൻ നീ ആര്?" അതേ, വിധിക്കുന്നവനായ നീ എന്തൊരു തരം "വൻ തോക്കായി" മാറിയിരി ക്കുന്നു!

ക്ലെമന്റ്, ബർന്നബാസ് തുടങ്ങിയ ചില വിശുദ്ധന്മാർ ഏതാനും ലേഖ നങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്ലെമന്റിന്റെ ലേഖനത്തിൽ നിന്ന് ഒരു ഭാഗം ഉദ്ധരിക്കാം. "ഇരുമനസ്സുള്ള വരും ഹൃദയത്തിൽ സംശയിക്കുന്ന വരുമായ ആളുകൾ അസന്തുഷ്ടരും അരിഷ്ടന്മാരുമത്രേ." ഇക്കൂട്ടർ ഒരേ സമയം തന്നെ വിശ്വസിക്കയും അവി ശ്വസിക്കുകയും ചെയ്യുന്നവരാണ്. ക്ലെമന്റിന്റെ ലേഖനത്തിൽ മറ്റൊരു ഭാഗം: "ഹൃദയത്തിൽ സംശയിക്കുന്ന ഇരുമനസ്സുകാരൻ എന്തൊരു അരിഷ്ട മനുഷ്യൻ!'' ബർന്നബാ സിന്റെ ലേഖനത്തിൽ പറയുന്നതു നോക്കുക: "നിങ്ങൾ ഇരുമനസ്സു കാരോ ഇരുവാക്കുകാരോ ആയിരിക്ക രുത്. എന്തെന്നാൽ ഇരുവാക്ക് ഒരു മരണക്കെണിയത്രേ." ഇരുമനസ്സ്


എന്താണെന്നു കുറഞ്ഞൊരളവിലെങ്കിലും നാം മനസ്സിലാക്കിയല്ലോ. ഈ വെളിച്ചം നാം നിലനിറുത്തുന്ന പക്ഷം അതു ജീവിതത്തിൽ ഫലം നൽകും. അപ്പോൾ ഇരുമനസ്സുള്ള അവസ്ഥ അവസാനിക്കും. തന്മൂലം നിങ്ങളുടെ ആത്മാവിന്റെ രക്ഷ പൂർണ്ണ മനസ്സോടെ അന്വേഷിപ്പാൻ സാധിക്കും. ഒരിക്കൽ ആ രക്ഷ പ്രാപിച്ചു കഴിഞ്ഞാൽ നിങ്ങൾക്ക് അതിനെപ്പറ്റി മറ്റുള്ളവരോടു സാക്ഷിപ്പാൻ കഴിയും. അത് അവരെയും രക്ഷിക്കും.

മറ്റൊന്നുകൂടി ഈ ലേഖനങ്ങളിൽ എഴുതിയിട്ടുണ്ട്. "ഏതൊരു സാഹചര്യത്തെ നിങ്ങൾ അഭിമുഖീകരിക്കുന്നുവോ അതിനെ നന്മയെന്നു കരുതുക." ഇതുപോലെയൊന്ന് നിങ്ങൾ എന്നെങ്കിലും കേട്ടിട്ടുണ്ടോ? ഭൂരിപക്ഷം ആളുകളും ചെയ്യാത്ത ഒരു കാര്യമാണിത്. തങ്ങൾക്കു നേരിടുന്ന കാര്യങ്ങളാൽ അല്പമായോ അധികമായോ ഹതാശരാകുന്നവരാണ് അവരെല്ലാം. അധികം ഹതാശരാകുന്നവരാണ് കൂടുതൽ പേരും. മറ്റുള്ളവർ പറകയോ ചെയ്കയോ ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യത്താൽ, അഥവാ അവർ പറയാത്തതോ ചെയ്യാത്തതൊ ആയ ഒരു കാര്യത്താൽ ഹതാശനായിത്തീർന്ന ഒരു സാഹചര്യവും എനിക്ക് ഓർമ്മിക്കാൻ കഴിയുന്നില്ല. കാരണം, ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. റോമർ 8:28ൽ ഞാൻ വിശ്വസിക്കുന്നു. ഈ വാക്യത്തിന്റെ ഏറ്റവും ഫലപ്രദമായ വിവർത്തനം ഇപ്രകാരമാണ്: "ദൈവത്തെ സ്നേഹിക്കുന്നവർക്കു നന്മയും തിന്മയും ശരിയും തെറ്റുമെല്ലാം കൂടിച്ചേർന്നു പരമമായ നന്മയ്ക്കായി വ്യാപരിക്കുന്നു." യാതൊരപവാദവും കൂടാതെ നിരന്തരമായി പരമമായ നന്മ ഒരുവനുണ്ടാകുമ്പോൾ അതിൽ അതൃപ്തിപ്പെടുവാൻ അയാൾക്കെങ്ങനെ കഴിയും?

ഇരുമനസ്സിൽ നിന്നു സ്വതന്ത്രരായിത്തീരുന്നതും പൂർണ്ണഹൃദയത്തോടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നതും റോമർ 8:28ൽ വിശ്വസിക്കുന്നതും എത്ര അവർണ്ണനീയമായ അനുഗ്രഹമാണ്! ഞാൻ എപ്പോഴും പരമാവധി നന്മയായവയെ മാത്രം പ്രാപിക്കുകയും അതുമൂലം അവർണ്ണനീയമായ സന്തോഷം അനുഭവിക്കയും ചെയ്യുന്നു. ഇതുമൂലം ഒരിക്കലും മാറ്റമില്ലാത്തവിധം ഞാൻ സന്തോഷപൂർണ്ണനായിത്തീർന്നിരിക്കുന്നു. മനുഷ്യനാകട്ടെ, പിശാചിനാകട്ടെ, എന്റെ സന്തുഷ്ടി നശിപ്പിക്കുവാൻ സാധ്യമല്ല. ഏകാഗ്രഹൃദയത്തോടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നതിന്റെ ഫലം ഇതത്രേ.

എന്റെ ഏറ്റവും പ്രിയപ്പെട്ട സ്നേഹിതരേ, നിങ്ങൾക്ക് ഏറ്റവും വലിയ സന്തോഷം ഞാൻ ആശംസിക്കുന്നു. കാപട്യം എന്നറിയപ്പെടുന്ന ഒന്നുകൊണ്ട് ഇരുമനസ്സ് എന്ന ഒരവസ്ഥയുണ്ടെന്നു കുറഞ്ഞപക്ഷം ഇപ്പോൾ നാം അറിയുന്നു. ഒരു കാര്യം ആഗ്രഹിക്കുക: അതോടൊപ്പം അതിനെതിരായ മറ്റൊന്നും കൂടി ആഗ്രഹിക്കുക. ഇതുനിമിത്തമാണ് ഇരുമനസ്സുണ്ടാകുന്നത്. അത് അത്യന്തം ദോഷകരമത്രേ, നാം സ്വയം വിശ്വസിക്കുന്നില്ലെങ്കിൽ നമുക്ക് ഒരു പ്രയോജനവും ലഭിക്കയില്ല. പൂർണ്ണരക്ഷ പ്രാപിക്കുവാനായി വിശ്വസിക്കുക. ഇതുവരെയും ഈ ലക്ഷ്യത്തിനായി നമ്മിൽ പ്രവർത്തിച്ച ദൈവത്തിന് ഞാൻ ഹൃദയപൂർവ്വം നന്ദി കരേറ്റുന്നു.

(*അവസാനിച്ചു.*)




ബൈബിളിലൂടെ...

# എഫെസ്യർ

## മനസ്സ് സ്വർഗ്ഗത്തിൽ, കാലുകൾ ഭൂമിയിൽ

**അതുകൊണ്ട്** ക്രിസ്തുവിനോടു കൂടി എന്നെ ഉയർത്തി സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു എന്നു ദൈവം പറയുന്നതിനെ ഞാൻ വിശ്വസിക്കുന്നു. എന്റെ അനുഭവങ്ങൾ എന്തു പറയുന്നു എന്നതിനെ ഞാൻ കാര്യമാക്കാറില്ല. എനിക്കറിയാം അത് എന്റെ ദർശനങ്ങൾ പോലെ ചതി നിറഞ്ഞതാണെന്ന കാര്യം. എന്റെ സ്വർഗ്ഗീയ പിതാവ് പറഞ്ഞത് അതുപോലെ വിശ്വസിച്ചപ്പോൾ എന്റെ ജീവിതത്തിലും എല്ലാം ശരിയായി



*ഒരു ഡോക്ടർക്കു ഒടിഞ്ഞ എല്ലുകളെ ഒരുമിച്ചു ചേർത്തു വയ്ക്കുവാൻ മാത്രമേ കഴിയൂ. ശരീരം തന്നെയാണ് അവയെ കൂട്ടി യോജിപ്പിക്കുന്നത്.*

നടന്നിട്ടുണ്ട്. നാം സ്വർഗ്ഗീയ പിതാവിനെ വിശ്വസിക്കാതെയിരിക്കുമ്പോഴാണ് പല പ്രശ്നങ്ങളും ഉണ്ടാകുന്നത്. മഹത്തായ ഈ പുനരുത്ഥാനത്തിന്റെ ശക്തി എല്ലാവർക്കും ലഭ്യമാണെന്നല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. വിശ്വസിക്കുന്നവർക്കു മാത്രമാണ് അതു ലഭിക്കുന്നത്. നിങ്ങൾ ഇതു വിശ്വസിക്കുന്നില്ലെങ്കിൽ ഈ ശക്തി അനുഭവിക്കുവാൻ കഴിയുകയില്ല. യേശു തോമസിനോടു പറഞ്ഞു "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹ. 20:29). ഞാൻ അവരിലൊരാളാണ്.

അപ്പൊസ്തലന്മാരേക്കാൾ അനുഗ്രഹിക്കപ്പെട്ടവനാണ് ഞാൻ. കാരണം ഞാൻ യേശുവിനെ എന്റെ കണ്ണുകൾ കൊണ്ടു കാണാതെ വിശ്വസിച്ചിരിക്കുന്നു. നിങ്ങളുടെ പിതാവ് ഒരു കോടീശ്വരനായിരിക്കെ നിങ്ങളോടുള്ള സ്നേഹത്താൽ ഒരു കോടി രൂപ നിങ്ങളുടെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ അതു വിശ്വസിക്കാതെ ബാങ്കിൽ പോയി പരിശോധിക്കുമോ? ദൈവം പറയുന്നു "അവിടുന്നു എന്നെ ക്രിസ്തുവിൽ സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു." ഞാൻ അതു വിശ്വസിക്കുന്നു. ഞാൻ ഇനി ഈ ഭൂമിയിലുള്ളവനല്ല. പല വർഷങ്ങൾ ഞാൻ ഈ ഭൂമിയിലുള്ളവനായിരുന്നു. എന്റെ ജീവിതത്തിൽ ഒരു ദിവസം ഞാൻ തിരിച്ചറിഞ്ഞു ഞാൻ സ്വർഗ്ഗത്തിലുള്ളവനാണെന്ന കാര്യം. അതിനാൽ ഇപ്പോൾ എന്റെ ശരീരം ഭൂമിയിലാണെങ്കിലും ഉയരത്തിലുള്ള കാര്യങ്ങളിലാണ് ഞാൻ മനസ്സ് ഉറപ്പിച്ചിരിക്കുന്നത്. അതിനാലാണ് ഭൂമിയിലുള്ള വസ്തുവകകൾക്കു വേണ്ടി ഞാൻ പോരാടാത്തത്. എന്റെ സഭയിൽ ആളുകളെ പിടിച്ചിരുത്തുന്നതിനു വേണ്ടിയും ഞാൻ പോരാടുന്നില്ല. മറ്റൊരു പ്രസംഗകൻ എന്റെ സഭയിൽ നിന്നും ഒരു സഹോദരനെ വശീകരിച്ചു കൊണ്ടുപോയി എന്ന് ആരെങ്കിലും ഒരു ദിവസം എന്നോടു പറഞ്ഞാൽ ഞാൻ പറയും "ദൈവത്തിനു സ്തോത്രം! ഞാൻ ആരോടും ഈ കാര്യത്തിൽ പോരാടാൻ പോകുന്നില്ല. അയാൾക്കു മറ്റേതെങ്കിലും സഭയിൽ പോകുന്നതാണ് സന്തോഷമെങ്കിൽ പോകട്ടെ." യേശു പറഞ്ഞു "എന്റെ രാജ്യം ഐഹികമല്ല" അതുകൊണ്ട് എന്റെ ഭൃത്യന്മാർ പോരാടുന്നില്ല. പല വിശ്വാസികളും സ്ഥാനത്തിനും മാനത്തിനും പണത്തിനും വേണ്ടി സഭയിൽ പോരാടുന്നത് ഇന്നു നാം കാണുന്നു. അങ്ങനെയുള്ള വിശ്വാസികൾ ഈ ഭൂമിയിൽ മനസ്സു വച്ചവരാണ്. അവർ "സ്വർഗ്ഗത്തിൽ ഇരുത്തപ്പെട്ടവരും" അല്ല. അവർ വാസ്തവത്തിൽ ഒരു ക്രിസ്തീയ പ്രമാണം മനസ്സിൽ കൊണ്ടു നടക്കുക മാത്രം ചെയ്യുന്ന അവിശ്വാസികളാണ്. ക്രിസ്തുവിൽ സ്വർഗ്ഗസ്ഥലങ്ങളിലേക്കു ഉയർത്തപ്പെടുവാൻ അവർ പരിശുദ്ധാത്മാവിനെ അനുവദിച്ചിട്ടില്ല.

എഫേസ്യർ ഒന്നു മുതൽ മൂന്നു വരെയുള്ള അധ്യായങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമാണ്. സ്വർഗ്ഗസ്ഥലങ്ങളിലേക്കു ദൈവം നമ്മെ ഉയർത്തിയിരിക്കുന്നു. അത് നമുക്കു സ്വയം ചെയ്യുവാൻ കഴിയുന്നതല്ല. നമുക്കു സ്വയം മരണത്തിൽ നിന്നും ഉയർത്തെഴുന്നേല്ക്കുവാൻ കഴിയുകയില്ല. യേശുപോലും സ്വയമായിട്ടല്ല മരണത്തിൽ നിന്നും ഉയർത്തെഴുന്നേറ്റത്. ദൈവം യേശുവിനെ മരണത്തിൽ നിന്നും ഉയർത്തെഴുന്നേല്പിച്ചു എന്നാണ് വേദപുസ്തകം പറയുന്നത്. സ്നാന

**സ്വർഗ്ഗത്തിൽ നിന്നും നോക്കുമ്പോൾ ഭൂമിയിലുള്ള ഉയർന്ന കെട്ടിടങ്ങൾ കളിവീടുകൾ പോലെയും വലിയ കാറുകൾ കളിപ്പാട്ടം പോലെയുമാണ് തോന്നുക. നിങ്ങൾ സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടു കൂടെ ഇരുത്തപ്പെട്ടിരിക്കുന്നുവെങ്കിൽ നിങ്ങളുടെ ദൃഷ്ടിയിൽ ഈ ഭൂമിയിലെ കാര്യങ്ങൾ ചെറുതായിരിക്കുകയും അതിനാൽ തന്നെ അവയ്ക്കുവേണ്ടി പോരാടുന്നത് അവസാനിപ്പിക്കുകയും ചെയ്യും. ഒരു കളിപ്പാട്ടത്തിനുവേണ്ടി നിങ്ങൾ ആരോടും പോരാടാത്തതു പോലെ.**

ശുശ്രൂഷയുടെ വേളയിൽ മറ്റൊരാൾ നിങ്ങളെ വെള്ളത്തിലേക്കു താഴ്ത്തുന്നു. പിന്നീട് അയാൾ നിങ്ങളെ ഉയർത്തുന്നു. നിങ്ങൾ സ്വയം എഴുന്നേല്ക്കുകയല്ല. ദൈവം നമ്മെ പുനരുത്ഥാനത്തിന്റെ ശക്തിയാൽ ഉയർത്തുന്നു എന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്. നമ്മെ തന്നെ ക്രൂശിച്ചു മറ്റുള്ളവർക്കു വിധേയപ്പെട്ടിരുന്നാൽ ദൈവം നമ്മെ ഉയർപ്പിച്ചു സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തും. സ്വർഗ്ഗത്തിൽ നിന്നും നോക്കുമ്പോൾ ഭൂമിയിലുള്ള ഉയർന്ന കെട്ടിടങ്ങൾ കളിവീടുകൾ പോലെയും വലിയ കാറുകൾ കളിപ്പാട്ടം പോലെയുമാണ് തോന്നുക. നിങ്ങൾ സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടു കൂടെ ഇരുത്തപ്പെട്ടിരിക്കുന്നുവെങ്കിൽ നിങ്ങളുടെ ദൃഷ്ടിയിൽ ഈ ഭൂമിയിലെ കാര്യങ്ങൾ ചെറുതായിരിക്കുകയും അതിനാൽ തന്നെ അവയ്ക്കുവേണ്ടി പോരാടുന്നത് അവസാനിപ്പിക്കുകയും ചെയ്യും. ഒരു കളിപ്പാട്ടത്തിനു വേണ്ടി നിങ്ങൾ ആരോടും പോരാടാത്തതു പോലെ.

പൗലൊസ് പിന്നീട് രക്ഷയെക്കുറിച്ചു പറഞ്ഞു തുടങ്ങുന്നു: വിശ്വാസത്താലാണ് നമ്മുടെ രക്ഷ (2:8). അല്ലാതെ പ്രവൃത്തിയാലല്ല. അതു പ്രവൃത്തിയുടെ ഫലമല്ലെങ്കിലും നാം നടക്കേണ്ടതിനു ദൈവം നല്ല വേലയെ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു (2:10). പിന്നീട് 2:11-22 വരെ അദ്ദേഹം ദൈവം നമ്മെ ക്രിസ്തുവിൽ എങ്ങനെ ഒരു ശരീരമാക്കുന്നു എന്നു പറയുന്നു. യെഹൂദനും പുറജാതിക്കാരനും ഇടയിലുള്ള വേർപാടിന്റെ നടുചുവർ ഇടിച്ചു കളഞ്ഞു. യേശു ക്രൂശിൽ മരിച്ചപ്പോൾ യെഹൂദനും യെഹൂദനല്ലാത്തവനും തമ്മിലുള്ള ശത്രുത്വം ഇല്ലാതായി (2:14,15). ലോകത്തിലെ ഏതു വംശങ്ങളേക്കാളും എതിരായി നിൽക്കുന്നതാണ് യെഹൂദനും യെഹൂദനല്ലാത്തവനും. ഇന്ത്യയിലെ ഏതു ജാതി വ്യവസ്ഥയേക്കാളും മോശം അവസ്ഥയിലുള്ളതാണിത്. എന്നാൽ യേശു രണ്ടു കൂട്ടരേയും ക്രൂശിൽ ഒന്നാക്കി തീർത്തു. അവിടുന്നു ശത്രുത്വം ഇല്ലാതാക്കി. നിങ്ങൾ ക്രിസ്തുവിലാണെങ്കിൽ മറ്റെല്ലാ ജാതികളോടുമുള്ള നിങ്ങളുടെ ശത്രുത്വം ഇല്ലാതാകും. അനന്തരം ഒരു ശത്രുത്വം ഇപ്പോഴും ആരോടെങ്കിലും ഉണ്ടെങ്കിൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിട്ടില്ല. നമ്മെയെല്ലാം ഒരു ശരീരമാക്കണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. ജീവിതം സ്വർഗ്ഗസ്ഥലങ്ങ

ളിൽ ആയിരിക്കുന്ന ഒരു വിശ്വാസി യുമായി മാത്രമേ നിങ്ങൾക്ക് ഒരു ശരീരമായി ത്തീരുവാൻ കഴിയുകയു ള്ളു. ഭൂമിയിൽ മനസ്സു വച്ചിരിക്കുന്ന ആളുകളുടെ സഭ ഒരു ആൾക്കൂട്ടം മാത്രമായിരിക്കും. അവർ ഒരു ശരീര മാകണമെങ്കിൽ ക്രിസ്തുവിൽ സ്വർഗ്ഗ സ്ഥലങ്ങളിൽ അവർ ജീവിക്കണം (2:16).

**അധ്യായം മൂന്ന്**

മൂന്നാം അധ്യായത്തിൽ പൗ ലൊസ് മഹത്തായ ഒരു ശുശ്രൂഷയെ ക്കുറിച്ചു പറയുന്നു. യെഹൂദനും യെഹൂദനല്ലാത്തവനും ഒന്നാകുമെ ന്നുള്ളത് (3:4) പഴയ നിയമ കാലത്തു വെളിപ്പെടാതിരുന്ന ഒരു മർമ്മമാണ്. പുതിയ നിയമത്തിൽ ഇതിലേക്കുള്ള വഴി പരിശുദ്ധാത്മാവ് വെളിപ്പെടുത്തി തന്നു.

എഫെസ്യ ലേഖനത്തിൽ ആദ്യ മൂന്നു അധ്യായങ്ങളിൽ രണ്ടു പ്രാർത്ഥനയുണ്ട്. 1:17-23 വരെ പരി ശുദ്ധാത്മാവിലൂടെ വെളിപ്പാട് ലഭിക്കു ന്നതിനുള്ള പ്രാർത്ഥന. 3:14-21 വരെ പരിശുദ്ധാത്മ ശക്തി ലഭിക്കുന്നതി നുള്ള പ്രാർത്ഥന. നമുക്കാവശ്യമുള്ള രണ്ടു കാര്യങ്ങളാണിവ. നാം ക്രിസ്തുയേശുവിൽ ആണെന്നു കാണുവാൻ തക്കവണ്ണം പരിശുദ്ധാ ത്മാവിന്റെ വെളിപ്പാട്. മറ്റൊന്നു 4 മുതൽ 6 വരെയുള്ള അധ്യായങ്ങ ളിൽ വിശദീകരിക്കുന്ന ജീവിതം ജീവിക്കുവാൻ വേണ്ട പരിശുദ്ധാത്മ ശക്തി.

രണ്ടാമത്തെ പ്രാർത്ഥന ഇങ്ങനെ യാണ്: "അവിടുന്നു തന്റെ മഹിമാധ നത്തിനു ഒത്തവണ്ണം നിങ്ങൾ തന്റെ ആത്മാവിനാൽ അകത്തെ മനു ഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടുവാനും വിശ്വാസത്താൽ ക്രിസ്തു ഹൃദയങ്ങളിൽ വസിക്കു വാനും വരം നൽകണമെന്ന്" (3:16,17). അതിന്റെ അവസാന ഭാഗ ത്തിന്റെ അർത്ഥം ക്രിസ്തുവിനു നിങ്ങളുടെ ഹൃദയത്തിൽ സ്വന്ത ഭവ നത്തിൽ എന്നപോലെ വളരെ സ്വാതന്ത്ര്യം ഉണ്ടാകണം എന്നാണ്.

സ്വന്ത ഭവനത്തിൽ വസിക്കു ന്നതും മറ്റൊരാളുടെ ഭവനത്തിൽ വസിക്കുന്നതും തമ്മിലുള്ള വ്യത്യാസം നമുക്കെല്ലാമറിയാം. ചില ഭവനങ്ങളിൽ താമസിക്കുമ്പോൾ നമുക്കു ചില ബുദ്ധിമുട്ടുകൾ അനു ഭവപ്പെടാം. എന്നാൽ മറ്റു ചില ഭവന ങ്ങളിൽ തികച്ചും സ്വന്ത ഭവനത്തി ലെന്ന പോലുള്ള അനുഭവമായിരി ക്കും. അതുപോലെ യേശു നിങ്ങ ളുടെ ഹൃദയത്തിൽ വസിക്കണം. എന്നാൽ ചോദ്യമിതാണ്: "അവിടു ത്തേക്കു നിങ്ങളുടെ ഹൃദയത്തിൽ പൂർണ്ണ സ്വാതന്ത്ര്യമുണ്ടോ? അതോ യേശുവിനു സന്തോഷം നൽകാത്ത ചിന്ത നിങ്ങളുടെ ഹൃദയത്തിലും വീട്ടിലും ഉണ്ടോ? യേശുവിനു തികഞ്ഞ സ്വാതന്ത്ര്യവും തൃപ്തിയും അനുഭവപ്പെടുന്ന ചില ഹൃദയങ്ങളു ണ്ട്. പരിശുദ്ധാത്മാവിന്റെ നിറവി നാൽ ക്രിസ്തുവിനു നമ്മുടെ ഉള്ളിൽ പൂർണ്ണ സ്വാതന്ത്ര്യം അനുഭവപ്പെടും.

നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടു വീതിയും നീളവും ഉയരവും ആഴവും എന്തെന്നു സകല വിശുദ്ധന്മാരോടുമൊപ്പം ഗ്രഹിക്കു വാൻ പ്രാപ്തരായിരിക്കണം (3:18). ക്രിസ്തുവിന്റെ സ്നേഹത്തെ നമുക്കു സ്വയം മനസ്സിലാക്കുവാൻ കഴിയുകയില്ല. ദൈവത്തിന്റെ സകല വിശുദ്ധന്മാരോടും കൂടെ മാത്രമേ ക്രിസ്തുവിന്റെ സ്നേഹത്തെ നാം പൂർണ്ണമായി അറിയുകയുള്ളു. പൗലൊസ് ഇങ്ങനെ പറഞ്ഞ് അവ സാനിപ്പിക്കുന്നു. "നിങ്ങൾ ദൈവ

ത്തിന്റെ എല്ലാ നിറവോളം നിറഞ്ഞു വരണം (3:19). പിന്നീട് 3:20,21 വാക്യങ്ങൾ നമ്മോടു പറയുന്നത് നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നതിലും അധികമായി ദൈവത്തിൽ നിന്നു ലഭിക്കും എന്നാണ്. നാം ചിന്തിക്കുന്നതിലും വളരെ അധികമാണ് ദൈവം നമുക്കു വേണ്ടി ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ.

**അധ്യായം നാല്**

ഇപ്പോൾ നാം 4 മുതലുള്ള അധ്യായങ്ങളിലേക്കു വരുന്നു. പല വിശ്വാസികളും 1 മുതൽ 3 വരെയുള്ള അധ്യായങ്ങളിൽ മാത്രമാണു ജീവിക്കുന്നത്. അവർ സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുന്നു. അവർ "വളരെ സ്വർഗ്ഗീയന്മാരാകയാൽ ഈ ഭൂമിക്കു പ്രയോജനമുള്ളവരല്ല." എന്നാൽ യേശു അങ്ങനെ അല്ല ജീവിച്ചത്. ഈ ഭൂമിയിൽ ജീവിച്ചിരുന്നവരിൽ ഏറ്റവും 'സ്വർഗ്ഗീയൻ' അവിടുന്നായിരുന്നുവെങ്കിലും മനുഷ്യ വർഗ്ഗത്തിന് ഏറ്റവും പ്രയോജനമുള്ളതായിരുന്നു അവിടുത്തെ ജീവിതം. നമ്മുടെ മനസ്സ് സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോൾ തന്നെ കാലുകൾ ഈ ഭൂമിയിലായിരിക്കണം. നമ്മുടെ സ്വർഗ്ഗീയ ജീവിതം ഈ ഭൂമിയിലെ പ്രായോഗിക കാര്യങ്ങളിൽ വെളിപ്പെട്ടു വരണം. ഒരു കൊച്ചുകുട്ടിയായി, ഒരു യൗവ്വനക്കാരനായി, സ്വന്തമായി വേലയെടുക്കുന്ന ഒരുവനായി, ഒരു പൂർണ്ണസമയ സുവിശേഷകനായി ഒക്കെ എങ്ങനെ ഒരു ക്രിസ്ത്യാനിക്ക് ഈ ഭൂമിയിൽ സ്വർഗ്ഗീയനായി ജീവിക്കാൻ കഴിയും എന്നു യേശു കാണിച്ചു തന്നു. നാം നമ്മുടെ ജീവിതം ഭവനത്തിലും ജോലി സ്ഥലത്തും, ക്രിസ്തീയ പ്രവർത്തനങ്ങളിലും ആയിട്ടാണ് ചെലവഴിക്കുന്നത്. ഈ മൂന്നു മേഖലയിലും സ്വർഗ്ഗത്തിന്റെ ആത്മാവ് എന്താണെന്നു യേശു കാണിച്ചു തന്നു. ഇതിനു താഴെയുള്ള ഒരു ജീവിതം യഥാർത്ഥ ക്രിസ്തീതയല്ല.

യേശു ഒരു സന്യാസി ആയിരുന്നില്ല. വസ്ത്രത്തിലോ ഭക്ഷണത്തിലോ തനിക്കു ചുറ്റുമുള്ളവരിൽ നിന്നും അവിടുന്നു വ്യത്യസ്തനായിരുന്നില്ല. അവിടുന്നു മറ്റുള്ളവരെ പോലെ തന്നെ ജോലി ചെയ്തു ജീവിച്ചു. ഗെത്ശെമന തോട്ടത്തിൽ റോമൻ പടയാളികൾക്കു യേശുവിനെ തിരിച്ചറിയുവാൻ ചിലരുടെ സഹായം വേണ്ടി വന്നു. എല്ലാ വിധത്തിലും അവിടുന്നു തന്റെ ശിഷ്യന്മാർക്കു തുല്യനായിരുന്നു എന്നാണ് അതു കാണിക്കുന്നത്. പുറമെ അവിടുന്നു അവരെപ്പോലെ തന്നെ ആയിരിക്കെ ഉള്ളിൽ സ്വർഗ്ഗീയ മനസ്സുള്ളവനായിരുന്നു. തന്റെ സ്വഭാവത്തേയും പ്രവൃത്തിയേയും നിയന്ത്രിച്ചിരുന്നത് സ്വർഗ്ഗീയ കാഴ്ചപ്പാടുകളായിരുന്നു. നമ്മുടെ ജീവിതത്തിലും സഭയിലും നാം ജീവിക്കേണ്ടത് അങ്ങനെയാണ്. അതാണ് 4 മുതൽ 6 വരെയുള്ള അധ്യായങ്ങളിലുള്ളത്.

4-ാം അധ്യായം തുടങ്ങുന്നത് ഈ വചനത്തിലാണ്: "ആകയാൽ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമായി ജീവിക്കുവിൻ"(4:1). ആദ്യ മൂന്നു അധ്യായങ്ങളിൽ പ്രബോധനങ്ങളില്ല. ആ അധ്യായങ്ങളിൽ "ദൈവം നമുക്കു വേണ്ടി ചെയ്ത കാര്യങ്ങളാണ്." അവിടുന്നു നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു, എല്ലാ ആത്മീയ അനുഗ്രഹങ്ങളാലും അനുഗ്രഹിച്ചു, മരിച്ചവരായിരുന്ന നമ്മെ ഉയർപ്പിച്ച് ക്രിസ്തുവിനോടു കൂടെ സ്വർഗ്ഗ സ്ഥലങ്ങളിൽ

ഇരുത്തി, നമ്മെ അവിടുത്തെ അവകാശമാക്കി, അവിടുത്തെ ശക്തി നൽകി, സാത്താനെ പരാജയപ്പെടുത്തി, യെഹൂദനേയും യെഹൂദനല്ലാത്തവനേയും ക്രൂശിൽ ഒരു ശരീരമാക്കിത്തീർത്തു എന്നിങ്ങനെയെല്ലാം. ഇതെല്ലാം ദൈവത്തിന്റെ പ്രവൃത്തിയാണ്. നമുക്കിതിലൊരു പങ്കില്ല. അതിനാൽ 1 മുതൽ 3 വരെയുള്ള അധ്യായങ്ങളിലെ ഊന്നൽ ഈ സത്യങ്ങൾ വെളിപ്പെടുത്തി കിട്ടുന്നതിനുള്ളതാണ്. ഈ വെളിപ്പാടിനാൽ നാം ദിനംതോറും ജീവിക്കണം.

ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും സഭ മുഖാന്തിരം അറിയണം എന്നതാണ് ഇതിന്റെയെല്ലാം ഉദ്ദേശ്യം (3:10,11). ആദാമിന്റെ വീഴ്ചയ്ക്കു ശേഷം സാത്താനും അവന്റെ ദുരാത്മാക്കളും നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത് ഒരു മനുഷ്യന് ഈ ഭൂമിയിൽ സ്വർഗ്ഗീയ ജീവിതം ജീവിക്കുവാൻ സാധിക്കയില്ലായെന്നാണ്. എന്നാൽ യേശു തന്റെ ജീവിതം വഴി സാത്താന്റെ ഈ ഭോഷ്കിനെ തുറന്നു കാണിച്ചു. യേശു നമ്മെപ്പോലെ വന്നു, നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടു എങ്കിലും ഒരു സ്വർഗ്ഗീയ ജീവീതം ഈ ഭൂമിയിൽ ജീവിച്ചു.

ഇപ്പോൾ സാത്താൻ രണ്ടു കാര്യങ്ങൾ പറയുന്നു. 1) “ഒരുപക്ഷേ യേശുവിനു അതു സാധിച്ചേക്കാം. എന്നാൽ എല്ലാ വിശ്വാസികളും ഭൗമികരായിരിക്കും.” ദൈവത്തിന്റെ മറുപടി ഇതാണ്. “സ്വർഗ്ഗീയന്മാരായി ഈ ഭൂമിയിൽ ജീവിക്കുന്ന ചിലരെ ഞാൻ എന്റെ സഭയിൽ കാണിച്ചു തരാം.”

2) “പല തരത്തിലുള്ള മനുഷ്യർ ഒന്നാകുന്നത് അസാധ്യമാണ്. മലയാളികളും തമിഴരും ഒരിക്കലും ഒന്നാവുകയില്ല. അല്ലോ ഇന്ത്യനും മലയാളിക്കും ഒന്നാകാൻ കഴിയുകയില്ല. പാശ്ചാത്യർക്കും പൗരസ്ത്യർക്കും ഒന്നാകാൻ കഴിയുകയില്ല.” ദൈവത്തിന്റെ മറുപടി ഇതാണ്: “ഇതുപോലെയുള്ള പലതരം ആളുകൾ ക്രിസ്തുവിൽ ഒന്നായിരിക്കുന്നത് എന്റെ സഭയിൽ ഞാൻ നിന്നെ കാണിച്ചു തരാം.”

സാത്താന്റെ മുമ്പിൽ പ്രദർശിപ്പിക്കുവാൻ വിശ്വാസികളെന്ന നിലയിൽ നാം വെല്ലുവിളിക്കപ്പെടുന്ന രണ്ട് കാര്യങ്ങളാണിവ. അങ്ങനെ ദൈവത്തിന് ഇയ്യോബിനെയെന്നപോലെ നമ്മേയും പ്രശംസിക്കുവാൻ

> നിങ്ങളുടെ ചിന്തയും മനോഭാവവും മാനുഷികമാണെങ്കിൽ പുറമേ മനുഷ്യൻ കാണുന്ന കാര്യങ്ങളായിരിക്കും ശ്രദ്ധിക്കുക. നിങ്ങൾ ഒരു ആത്മീയനാണെങ്കിൽ ദൈവം മാത്രം കാണുന്ന ഉള്ളിലെ കാര്യങ്ങളായിരിക്കും ഗൗരവത്തോടെ എടുക്കുന്നത്. നിങ്ങൾ നിങ്ങളുടെ സഭയിലെ ആളുകളുടെ എണ്ണത്തേക്കാൾ അവരുടെ സ്വഭാവ ഗുണത്തിനാണ് പ്രാധാന്യം നൽകുക. സഭയുടെ വലുപ്പം ആളുകളെ ആകർഷിക്കും. എന്നാൽ ദൈവം ആളുകളുടെ ഗുണമാണ് നോക്കുന്നത്.

സാധിക്കും (ഇയ്യോ. 1:8).

നിർഭാഗ്യവശാൽ ഇന്നു ക്രിസ്തീയ ഗോളത്തിൽ കാണുന്നത് ഇതല്ല. ഭൂരിഭാഗം ക്രിസ്ത്യാനികളും പരാജയപ്പെട്ട ജീവിതം ജീവിക്കുന്നു. പല സഭകളിലും ഐക്യമില്ലാതെയിരിക്കുന്നു. എന്നാൽ ദൈവത്തിനു സാത്താന്റെ അടുക്കൽ പ്രശംസിക്കുവാൻ തക്ക ഒരു ശേഷിപ്പ് ഈ ഭൂമിയിൽ പലയിടങ്ങളിലായിട്ടുണ്ട്. സ്വർഗ്ഗത്തിലെ ദൂതന്മാർ പോലും അവരെ കണ്ട് ആശ്ചര്യപ്പെടുന്നു.

അധ്യായം 4:1 തുടങ്ങുന്നത് ഇങ്ങനെയാണ്: “പൂർണ്ണ വിനയത്തോടും സൗമ്യതയോടും” ക്രിസ്തീയ ജീവിത്തിന്റെ മൂന്നു രഹസ്യങ്ങൾ ഇവയാണെന്നു ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്: താഴ്മ, താഴ്മ, താഴ്മ. അവിടെയാണ് എല്ലാം തുടങ്ങുന്നത്. യേശു തന്നെത്താൻ താഴ്ത്തിയതിനു ശേഷം മത്തായി 11:28ൽ പറഞ്ഞു. “ഞാൻ സൗമ്യനും താഴ്മയുള്ളവനുമാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ.” തന്നിൽ നിന്നു പഠിക്കുവാൻ അവിടുന്നു പറഞ്ഞ രണ്ടു കാര്യങ്ങൾ താഴ്മയും സൗമ്യതയുമാണ്. എന്തുകൊണ്ടാണിത്? കാരണം ആദാമിന്റെ മക്കളെന്ന നിലയിൽ നാം നിഗളികളും കഠിന ഹൃദയമുള്ളവരുമാണ്. നിങ്ങൾക്ക് ഒരു സ്വർഗ്ഗീയ ജീവിതം ഈ ഭൂമിയിൽ പ്രദർശിപ്പിക്കണമെന്നുണ്ടെങ്കിൽ അത് പ്രദർശിപ്പിക്കേണ്ടത് സുവിശേഷ പ്രസംഗത്തിലൂടെയോ, വേദപുസ്തക പഠനങ്ങളിലൂടെയോ സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയോ അല്ല. മറിച്ച് താഴ്മയുടെയും വിനയത്തിന്റെയും മനോഭാവത്തിലൂടെ ആയിരിക്കണം.

ദൈവം മോശെയ്ക്കു സമാഗമന കൂടാരത്തിന്റെ മാതൃക നൽകിയപ്പോൾ തുടങ്ങിയത് പെട്ടകത്തെ കുറിച്ചു പറഞ്ഞുകൊണ്ടാണ്. മനുഷ്യൻ ഏതു കെട്ടിടം പണിയുമ്പോഴും അതിന്റെ പുറംഭാഗത്തെ അളവുകളാണ് ആദ്യം പറയുക. എന്നാൽ ദൈവം തുടങ്ങുന്നത് ഏറ്റവും ഉള്ളിൽ നിന്നാണ്. മനുഷ്യർ പാത്രത്തിന്റെ പുറം വൃത്തിയാക്കുവാൻ ആഗ്രഹിക്കുന്നു. ദൈവമോ പാത്രത്തിന്റെ ഉൾഭാഗം ആദ്യം വൃത്തിയാക്കുന്നു. അവിടുന്ന് ആദ്യം ഉൾഭാഗത്തു നിന്നും തുടങ്ങി പിന്നീട് പുറം വൃത്തിയാക്കുന്നു. നിങ്ങളുടെ ചിന്തയും മനോഭാവവും മാനുഷികമാണെങ്കിൽ പുറമേ മനുഷ്യൻ കാണുന്ന കാര്യങ്ങളായിരിക്കും ശ്രദ്ധിക്കുക. നിങ്ങൾ ഒരു ആത്മീയനാണെങ്കിൽ ദൈവം മാത്രം കാണുന്ന ഉള്ളിലെ കാര്യങ്ങളായിരിക്കും ഗൗരവത്തോടെ എടുക്കുന്നത്. നിങ്ങൾ നിങ്ങളുടെ സഭയിലെ ആളുകളുടെ എണ്ണത്തേക്കാൾ അവരുടെ സ്വഭാവ ഗുണത്തിനാണ് പ്രാധാന്യം നൽകുക. സഭയുടെ വലുപ്പം ആളുകളെ ആകർഷിക്കും. എന്നാൽ ദൈവം ആളുകളുടെ ഗുണമാണ് നോക്കുന്നത്.

ദൈവം നോക്കുന്നത് താഴ്മ, വിനയം, ക്ഷമ എന്നിവയാണ്. 4:2 ഇങ്ങനെ പറയുന്നു: “നിങ്ങളുടെ സ്നേഹംകൊണ്ട് തമ്മിൽ തമ്മിൽ കുറവുകൾ കണക്കിടാതിരിക്കണം.” ഒരു സഭയിലും എല്ലാം തികഞ്ഞ ഒരാൾ ഉണ്ടാവുകയില്ല. എല്ലാവരും ചില തെറ്റുകൾ വരുത്തുന്നുണ്ട്. അതിനാൽ സഭയിൽ നാം അന്യോന്യം തെറ്റുകളും കുറവുകളും സഹിക്കേണ്ടതുണ്ട്. നിങ്ങളൊരു തെറ്റു ചെയ്താൽ ഞാൻ അതു മറയ്ക്കും. നിങ്ങൾ എന്തെങ്കിലും ചെയ്യാതിരുന്നാൽ ഞാൻ അതു

ചെയ്യും. ഇങ്ങനെയാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ പ്രവർത്തിക്കുന്നത്.

“ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ നിലനിർത്തുവാൻ ജാഗ്രത കാണിക്കുവിൻ” (4:3). പൗലൊസിന്റെ പല ലേഖനങ്ങളിലും പ്രധാന വിഷയമാണ് ഐക്യതയെന്നത്. തന്റെ സഭയ്ക്കായി ദൈവത്തിന്റെ ഹൃദയത്തിലെ ഭാരവും ഇതു തന്നെയാണ്. മരിച്ചു കഴിഞ്ഞാൽ മനുഷ്യന്റെ ശരീരം വിഘടിച്ചു തുടങ്ങും. പൊടിയിൽ നിന്നും സൃഷ്ടിക്കപ്പെട്ടതാണ് നമ്മുടെ ശരീരം. നമ്മുടെ ശരീരത്തിലെ ജീവനാണ് ഈ പൊടികണങ്ങളെ ഒരുമിച്ചു നിർത്തിയിരിക്കുന്നത്. ജീവൻ പോകുന്ന ആ നിമിഷം മുതൽ വിഘടനം ആരംഭിക്കുന്നു. ചില നാളുകൾക്കു ശേഷം ശരീരം മുഴുവൻ പൊടിയായി മാറുന്നത് നാം കാണും. വിശ്വാസികളുടെ കൂട്ടായ്മയിലും ഇങ്ങനെ തന്നെയാണ്. ഒരു സഭയിലെ വിശ്വാസികൾ തമ്മിൽ ഐക്യമില്ലെങ്കിൽ അവിടെ മരണം വന്നു എന്നു നമുക്കുറപ്പാക്കാം. ഒരു ഭർത്താവും ഭാര്യയും തമ്മിൽ വിവാഹമോചിതർ അല്ലെങ്കിലും ഐക്യതയിൽ അല്ലെങ്കിൽ അവരുടെ ഇടയിൽ മരണം വന്നു കഴിഞ്ഞു എന്നു നിങ്ങൾ അറിയണം. തെറ്റിദ്ധാരണ, സമ്മർദ്ദം, വഴക്കു തുടങ്ങിയവയാൽ ഒരു വിവാഹത്തിന്റെ ആദ്യ നാൾ മുതൽ തന്നെ വിഘടനം തുടങ്ങാം. ഇത് ഒരു സഭയിലും സംഭവിക്കാം. ഒരു സഭ സാധാരണ തുടങ്ങുന്നത് എരിവുള്ള ചില സഹോദരന്മാർ ഒരിമിച്ചു കൂടി ദൈവത്തിനു വേണ്ടി എരിവോടെ ഒരു വേല ആരംഭിക്കുമ്പോഴാണ്. ചിലപ്പോൾ വളരെ വേഗം ഐക്യത നഷ്ടപ്പെടുകയും മരണം കടന്നു വരികയും ചെയ്യുന്നു. വിവാഹ ജീവിതത്തിലും സഭയിലും ആത്മാവിന്റെ ഐക്യത കാത്തു സൂക്ഷിക്കുന്നതിനു നാം നിരന്തരം പോരാടേണ്ടതുണ്ട്.

മനുഷ്യ ശരീരത്തെക്കുറിച്ചുള്ള ആശ്ചര്യകരമായ കാര്യം അതിനെ സൃഷ്ടിച്ചിരിക്കുന്ന ഈ ചെറിയ കണികകൾ എങ്ങനെയാണ് ഒരുമിച്ച് ഒന്നായി ചേർത്തിരിക്കുന്നതെന്നു ആർക്കും കാണാൻ കഴിയുന്നില്ലയെന്നതാണ്. ശരീരത്തിൽ ഒരു മുറിവ് ഉണ്ടായാൽ ഉടനെ തന്നെ അതു കൂടുന്നതിനുള്ള ഒരു പ്രക്രിയ ശരീരം ആരംഭിക്കുന്നു. ശരീരത്തിന്റെ ഏതെങ്കിലും ഭാഗം തുറന്നു വിടവോടെ ഇരിക്കുവാൻ ശരീരം ആഗ്രഹിക്കുന്നില്ല. അങ്ങനെ സംഭവിച്ചാൽ ഉടനെ തന്നെ യോജിപ്പിച്ചു തൊലി കൊണ്ടു മൂടുന്ന പണി ആരംഭിക്കുന്നു. ഒരു എല്ല് ഒടിയുമ്പോഴും അങ്ങനെ തന്നെയാണ്. ശരീരം ഉടനെ അതിനെ യോജിപ്പിക്കുന്നതിനുള്ള പണി ആരംഭിക്കുന്നു. രണ്ട് എല്ലുകൾ തമ്മിൽ യോജിപ്പിക്കുവാൻ ലോകത്തിൽ ഒരു മനുഷ്യനും കഴിയുകയില്ല. ഒരു ഡോക്ടർക്കു ഒടിഞ്ഞ എല്ലുകളെ ഒരുമിച്ചു ചേർത്തു വയ്ക്കുവാൻ മാത്രമേ കഴിയൂ. ശരീരം തന്നെയാണ് അവയെ കൂട്ടി യോജിപ്പിക്കുന്നത്. മനുഷ്യശരീരം എപ്പോഴും ഐക്യതയിലേക്കാണ് പ്രവർത്തിക്കുന്നത്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയും അങ്ങനെ ആയിരിക്കണം.

ഒരു സഭ അങ്ങനെ പ്രവർത്തിക്കുന്നില്ലായെങ്കിൽ അതു ക്രിസ്തുവിന്റെ ശരീരത്തെയല്ല പ്രതിനിധീകരിക്കുന്നത്. *(തുടരും)*


(*മൊഴിമാറ്റം:* **സാജു ജോസഫ്**)

ദൈവം യോജിപ്പിച്ചത്

## എമ്മ മൂഡിയും ഡി. എൽ മൂഡിയും – 3

# 'ഒരുവനെക്കാൾ ഇരുവർ ഏറെ നല്ലത്'

**മൂഡിയുടെ** ജീവിതത്തിലെ വഴിത്തിരിവ്, മസ്സാച്ചുസ്റ്റസ് വിട്ടു തന്റെ 17-ാമത്തെ വയസ്സിൽ ബോസ്റ്റൺ പട്ടണത്തിലേക്കു തീവണ്ടി കയറിയതായിരുന്നു. യുവത്വത്തിന്റെ നിറവിൽ ഗ്രാമത്തിലെ ഇല്ലായ്മയുടെ ജീവിതവും കൃഷിത്തോട്ടത്തിലെ കഠിനാധ്വാനവും അവനു മടുത്തു. എങ്ങനെയും പട്ടണത്തിലെത്തി ധാരാളം പണമുണ്ടാക്കുന്നതും ശോഭനമായ ഭാവി ഉണ്ടാകുന്നതും അവൻ സ്വപ്നം കണ്ടു തുടങ്ങിയിരുന്നു. അമ്മയോടും സഹോദരങ്ങളോടും തന്റെ സ്വപ്നം, തന്റെ ആഗ്രഹങ്ങൾ, പങ്കു വച്ചു. "ഡ്വയ്റ്റ്, നിനക്ക് ചേരാത്ത കുപ്പായമാണ് നീ ഇപ്പോൾ നെയ്യുന്നത്.' സഹോദരന്മാർ അവനെ കളിയാക്കി.




ഡ്വയ്റ്റിന്റെ രണ്ട് അമ്മാവൻമാർ ബോസ്റ്റണിൽ ചെരിപ്പു കടകൾ നടത്തുന്നുണ്ടായിരുന്നു. അതിൽ സാമുവൽ എന്ന അങ്കിളിനോട് കടയിൽ ഒരു ജോലി തനിക്കും കൂടി തരുമോ എന്ന് ഡ്വയ്റ്റ് അന്വേഷിച്ചു. ഡ്വയ്റ്റിന്റെ സ്വഭാവ പ്രകൃതി അറിയാവുന്ന അങ്കിൾ അവനെ നിരുൽ സാഹപ്പെടുത്തി. ചെറുപ്പക്കാരായി ബോസ്റ്റണിൽ എത്തിയവരിൽ ഭൂരിഭാഗവും വഴിപിഴച്ച ജീവിതത്തിനടിമകളായെന്നും അതിനാൽ ഡ്വയ്റ്റിന്റെ 'പട്ടണസ്വപ്നങ്ങൾ' ഉപേക്ഷിക്കുന്നതാണ് നല്ലതെന്നും അങ്കിൾ മുന്നറിയിപ്പു നൽകി. കാറ്റു നിറച്ച ബലൂൺ താഴേക്കിടുമ്പോൾ ഉയർന്നു പൊങ്ങുംപോലെ ഡ്വയ്റ്റിനെ നിരുൽസാഹപ്പെടുത്തുവാൻ എല്ലാവരും ശ്രമിക്കുന്തോറും, പട്ടണത്തിലെത്താൻ അവന്റെ മനസ്സു വെമ്പൽ കൊണ്ടു.

"പശുവിനെ കറക്കുക, തൊഴുത്തു വൃത്തിയാക്കുക, വൈക്കോൽ ഉണക്കുക... എന്നീ വൃത്തികെട്ട പണികൾ ഇനി ചെയ്യേണ്ടതില്ല. ഞാൻ പുതിയ ഡ്രസ്സുകളെടുക്കും, എനിക്കിഷ്ടപ്പെട്ട ഭക്ഷണം കഴിക്കും, പുതിയ സുഹൃത്തുക്കളെ കിട്ടും... എന്റെ ജീവിതം ഒരു വിജയം തന്നെയായിരിക്കും." തീവണ്ടിയിലിരുന്ന് അവൻ തന്നോടു തന്നെ പറഞ്ഞു. ജ്യേഷ്ഠൻ എഡ്വേഡ് കൊടുത്ത അഞ്ചു ഡോളറിന്റെ പിൻബലത്തിൽ ഡ്വയ്റ്റ് ബോസ്റ്റണിൽ വണ്ടിയിറങ്ങി. നേരെ അങ്കിൾ സാമുവലിന്റെ 'ഹോൾട്ടൺ ഷൂസ്റ്റോർ' ലക്ഷ്യമാക്കി നടന്നു.

അനന്തരവനെ കാണുന്ന മാത്രയിൽ കെട്ടിപ്പിടിച്ചു കടയിലേക്ക് ആനയിക്കുമെന്നും ഉടനെ ജോലി നൽകുമെന്നും പ്രതീക്ഷിച്ച ഡ്വയ്റ്റിന് തന്റെ കണക്കു കൂട്ടലുകളെല്ലാം പിഴച്ചെന്നു വേഗം മനസ്സിലായി. വെറും കുടുംബ കാര്യങ്ങൾ മാത്രം അന്വേഷിച്ച ശേഷം അങ്കിൾ കൂടുതലൊന്നും പറയാതെ ബിസ്സിനസ്സിൽ മുഴുകി. ഡ്വയ്റ്റ് കുറേനേരം കാത്തു നിന്ന ശേഷം 'നോക്കാത്ത രാജാവിനെ തൊഴാൻ പോകേണ്ട കാര്യമില്ല' എന്ന മട്ടിൽ ഗമയും മാന്യതയും ഒട്ടും കുറയ്ക്കാതെ കട വിട്ടിറങ്ങി. മറ്റൊരു അമ്മാവൻ ലെമുവേലിന്റെ അടുക്കൽ ചെന്നു. തീരെ ചെറിയ കടയായിരുന്നതുകൊണ്ട് അദ്ദേഹത്തിന് ജോലിക്കാരെ വയ്ക്കാനുള്ള സാമ്പത്തിക പ്രാപ്തി ഇല്ലായിരുന്നു. എങ്കിലും ഒരു തൊഴിൽ കിട്ടുന്നതുവരെ ഡ്വയ്റ്റിനെ തന്റെ കൂടെ താമസിപ്പിക്കുവാൻ അങ്കിൾ തയ്യാറായി. ആ ഒരാഴ്ച കടയായ കടയെല്ലാം കയറിയിറങ്ങിയെങ്കിലും ഒരു ജോലിയും കിട്ടിയില്ല. തന്നെപ്പോലൊരു മിടുക്കനെ ബോസ്റ്റൺ പട്ടണം റാഞ്ചിയെടുക്കുമെന്ന ധാരണയെല്ലാം അകന്നു. ഏകാന്തതയും നിരാശയും അവനെ വലയം ചെയ്തു. വീട്ടിൽ നിന്നും കത്തുകളുണ്ടോ എന്ന് അന്വേഷിച്ചു ദിവസം രണ്ടു പ്രാവശ്യമെങ്കിലും പോസ്റ്റ് ഓഫിസിൽ പോയി. അവസാനം 12 വയസ്സുള്ള കുഞ്ഞനിയത്തി ലിസ്സിയുടെ എഴുത്തു കിട്ടി. തുറന്നു വായിച്ചപ്പോൾ പട്ടണത്തിൽ 'പോക്കറ്റടി'ക്കാരുണ്ട്. അവരെ സൂക്ഷിക്കണമെന്ന മുന്നറിയിപ്പു നൽകിയിരിക്കുകയാണ്. പോക്കറ്റ് പോയിട്ട്, തന്റെ വയറുപോലും കാലിയാണെന്ന് ഈ കുഞ്ഞുപെങ്ങൾ അറിയുന്നുണ്ടോ?

ഒരു തൊഴിലിനായുള്ള എല്ലാ വാതിലുകളും അടഞ്ഞപ്പോൾ, തന്റെ അനന്തരവന്റെ ആത്മാഭിമാനമൊക്കെ തകർന്നുവെന്ന് അങ്കിൾ ലെമുവേലിന് മനസ്സിലായി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം, അങ്കിൾ സാമുവേലിന്റെ കാലുപിടിച്ചായാലും സാരമില്ല ഒരു ജോലി കിട്ടിയാൽ മതി എന്ന നിലയിലെത്തി ഡ്വയ്റ്റ്. അവസാനം അങ്കിൾ സാമുവേൽ കുറെ നിബന്ധനകൾ നിരത്തിവച്ചശേഷം, അവ പാലിച്ചുകൊള്ളാമെന്ന ഉറപ്പിന്മേൽ ഡ്വയ്റ്റിന് 'ഷൂ സെയിൽസ്മാൻ' ആയി ജോലി കൊടുത്തു. തെരുവിലലഞ്ഞ് നടക്കരുത്; നാടകവും സർക്കസ്സും കാണാൻ പാടില്ല. എല്ലാ ഞായറാഴ്ചയും ആരാധനയ്ക്കും സൺഡേസ്കൂളിനും പോകണം... ഇങ്ങനെ പോകുന്നു ചിട്ടകൾ. നിവൃത്തിയില്ലാതെ അങ്കിൾ സാമുവേൽ അംഗമായിരുന്ന 'മൗണ്ട് വെർണർ' സഭയിൽ ഡ്വയ്റ്റും പോയിത്തുടങ്ങി. ഒരു യുണിറ്റേറിയൻ വിശ്വാസത്തിൽ വളർന്ന ഡ്വയ്റ്റ്, 'യേശുക്രിസ്തുവിൽക്കൂടി മാത്രമേ ഒരു വ്യക്തി രക്ഷിക്കപ്പെടുന്നുള്ളു' എന്ന യാഥാർത്ഥ്യത്തെ ഈ സഭയിൽ കൂടി ആദ്യമായി അഭിമുഖീകരിച്ചു.

എന്നാൽ ആഴ്ച മുഴുവനും കടയിലെ ഭാരിച്ച ഉത്തരവാദത്തിനു ശേഷം പള്ളിയിലെത്തുന്ന ഡ്വയ്റ്റ്, മിക്കപ്പോഴും പ്രസംഗ സമയത്തു കസേരയിലിരുന്ന് ഉറങ്ങിപ്പോകും. ഒരു ദിവസം ഉറങ്ങിയപ്പോൾ അടുത്തിരുന്ന കൂട്ടുകാരൻ കൈമുട്ടുകൊണ്ട് ഡ്വയ്റ്റിനിട്ട് ഒരു ഇടി കൊടുത്തു. അവൻ ഞെട്ടിയുണർന്ന് അല്പ നേരം പ്രസംഗം ശ്രദ്ധിച്ചു. മനുഷ്യന്റെ പാപസ്വഭാവവും അതിൽ നിന്നും മോചനം നേടുവാനുള്ള മനു

ഷ്യന്റെ കഴിവില്ലായ്മയും (അപര്യ പ്തത) ചൂണ്ടിക്കാണിച്ച ശേഷം, അതിനുള്ള ഏക പരിഹാരമായി യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തേയും ഉയർത്തെഴുന്നേൽപ്പിനെയും വചനത്തിൽ കൂടി എടുത്തു കാട്ടി ഗംഭീര പ്രസംഗം നടത്തുകയാണ് പാസ്റ്റർ കെർക്ക്. ഈ സത്യങ്ങളോടു വിമുഖത കാണിക്കുന്നത് അപകടമാണെന്നും അദ്ദേഹം പറഞ്ഞു. ഇതൊക്കെ കേട്ടങ്കിലും ഒരു രക്ഷാനുഭവത്തിലേക്കു വരുവാൻ ഡ്വയ്റ്റ് തയ്യാറായില്ല. "ഒക്കെ മരിക്കാറാകുമ്പോൾ, അല്ലെങ്കിൽ വല്ല മാറാ രോഗവും പിടിപെടുമ്പോൾ. അതുവരെ ജീവിതം ഒന്ന് ആസ്വദിക്കണം." ഇങ്ങനെയായിരുന്നു അവന്റെ ചിന്ത.


ഇങ്ങനെയൊക്കെയാണെങ്കിലും മൗണ്ട് വെർണർ സഭയിലെ തന്റ സൺഡേസ്കൂൾ ടീച്ചർ എഡ്കിംബലിനെ ഡ്വയ്റ്റ് വളരെയധികം ബഹുമാനിച്ചിരുന്നു. അതിന് ഒരു കാരണമുണ്ട്. സൺഡേ സ്കൂളിലെ ഡ്വയ്റ്റിന്റെ ആദ്യത്തെ ക്ലാസ്സിൽ യോഹന്നാന്റെ സുവിശേഷത്തിൽ നിന്നുള്ള വേദഭാഗമായിരുന്നു പഠിക്കേണ്ടിയിരുന്നത്. ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന മിടുക്കൻമാരൊക്കെ ഡ്വയ്റ്റിന്റെ സഹപാഠികളായിരുന്നു. സ്വന്തമായൊരു വേദപുസ്തകം ഡ്വയ്റ്റിനില്ലായിരുന്നു. എഡ്കിംബൽ ഒരു ബൈബിൾ അവന് കൊടുത്തു. എല്ലാവരും സെക്കന്റുകൾക്കുള്ളിൽ വേദഭാഗം നിവർത്തിയപ്പോൾ, പാവം ഡ്വയ്റ്റ് ഉല്പത്തി പുസ്തകത്തിനടുത്തായി യോഹന്നാന്റെ സുവിശേഷം തിരയുകയായിരുന്നു. ഇതു കണ്ട് സഹപാഠികൾ അടക്കി പിടിച്ചു ചിരിച്ചു തുടങ്ങി. പെട്ടെന്ന് ബുദ്ധിപൂർവ്വം എഡ്കിംബൽ വേദഭാഗം നിവർത്തിവച്ച തന്റെ ബൈബിൾ മൂഡിക്കു കൊടുത്തു. തന്നെ വിമർശിക്കാതെയുള്ള അധ്യാപകന്റെ ഈ പെരുമാറ്റം മൂഡിയിൽ വലിയ മതിപ്പുളവാക്കി. എഡ്കിംബലിനും ഈ മർക്കട മുഷ്ടിയായ ചെറുപ്പക്കാരനിൽ പ്രത്യേക താൽപര്യം തോന്നി. അവന്റെ ആത്മാവിനെക്കുറിച്ചു ചിന്തിക്കുവാനും പ്രാർത്ഥിക്കുവാനും തുടങ്ങി.

കുറച്ചു മാസങ്ങൾക്കു ശേഷം മൂഡി ജോലി ചെയ്തിരുന്ന കടയിൽ ചെന്ന് യേശുകർത്താവിൽ കൂടിയുള്ള ആത്മാവിന്റെ വീണ്ടെടുപ്പിനെക്കുറിച്ചു വ്യക്തിപരമായി അവനോടു സംസാരിച്ചു. മൂഡി ആത്മാവിനാൽ വീണ്ടു ജനനം പ്രാപിച്ച ദിവസമായിരുന്നു അത്. 1855 ഏപ്രിൽ 21. അന്ന് സന്ധ്യയായപ്പോൾ ചെരിപ്പു കടയിലെ മുകളിലത്തെ നിലയിലുള്ള തന്റെ മുറിയിൽ പതിവില്ലാതെ അവൻ മുട്ടിൻമേൽ നിന്നു. ദൈവസ്നേഹം അവന്റെ ഹൃദയത്തിലേക്ക് ഒഴുകി. അതുവരെയില്ലാതിരുന്ന ഒരു സ്നേഹം അവനു സകല മനുഷ്യരോടും ജീവജാലങ്ങളോടും തോന്നി. ആരോടും പകയും പിണക്കുവുമില്ല. തന്റെ ഹൃദയത്തിൽ ഒരു സൂര്യനുദിച്ച അനുഭവം.

തന്റെ പുതിയ വിശ്വാസവും തീരുമാനവും അവൻ അങ്കിളുമായി പങ്കുവച്ചു. അദ്ദേഹത്തിനും സന്തോഷമായി. ഉടൻ തന്നെ മൂഡിക്ക് സഭയിൽ അംഗത്വം കൊടുക്കുന്ന കാര്യം പാസ്റ്ററുമായി സംസാരിച്ചു. എന്നാൽ കൗൺസിലംഗങ്ങളുടെ ചോദ്യങ്ങൾക്കു മുന്നിൽ മൂഡി ആദ്യം പരാജയപ്പെട്ടു. ''രക്ഷിക്കപ്പെട്ടാലും പോരാ, ഇന്റർവ്യൂ പാസ്സായാലേ അംഗത്വം ലഭിക്കുകയുള്ളോ? യേശുക്രിസ്തുവിനോടൊത്തങ്ങ് ജീവിതം നയിച്ചാൽ പോരേ?" അവൻ അങ്കി

ളിനോടു ചോദിച്ചു. അങ്കിളും ചുമ്മാ തങ്ങനെ വിടുന്ന ആളല്ല! കുറച്ചു നാളുകൾക്കു ശേഷം ഡീക്കൻമാരെ കൊണ്ടു രണ്ടാമതൊരു ഇന്റർവ്യൂ വെയ്പ്പിച്ച്, മൂഡിയെ പാസ്സാക്കി, അംഗത്വം വാങ്ങിക്കൊടുത്തു. തുടർന്നാണ് അങ്കിൾ സാമുവേലിനും തലവേദനയായി മാറിയ പ്രശ്നങ്ങളുടെ തുടക്കം.

രക്ഷിക്കപ്പെട്ട മൂഡിക്ക് ആകെ ആവേശമായി. ഒരു യോഗവും മുടക്കില്ല. എല്ലാ കൂട്ടങ്ങൾക്കിടയിലും



പ്രാർത്ഥിക്കും. സാക്ഷ്യം പറയാൻ എഴുന്നേൽക്കും. ഇടയ്ക്ക് പ്രബോധിപ്പിക്കുവാനും തുടങ്ങി. ഈ നാടൻ പയ്യന്റെ ഒച്ചയിലുള്ള സംസാരവും ഗ്രാമറില്ലാത്ത ഭാഷയും ബോസ്റ്റൺ മാന്യൻമാർക്ക് പിടിച്ചില്ല. മൂഡി പ്രാർത്ഥനാ കൂട്ടങ്ങൾക്കിടയിൽ സംയമനം പാലിക്കണമെന്ന് സഭാംഗങ്ങൾ ആവശ്യപ്പെട്ടു. വാർത്ത അങ്കിളിന്റെ ചെവിയിലെത്തി. അതിനിടെ ചെരിപ്പുകടയുടെ ഷോറും ഒന്ന് പരിഷ്ക്കരിക്കാൻ ശ്രമിച്ചത് അങ്കിളിന് പിടിച്ചില്ല. മൂഡിക്ക് നല്ല 'ഡോസ്സ്' കിട്ടി. 'സ്വരം മാറുന്നതിന് മുൻപേ പാട്ടു നിർത്തണം' എന്ന പഴഞ്ചൊല്ലു പോലെ മൂഡിക്ക്, ബോസ്റ്റൺ മടുത്തു തുടങ്ങി. ബോസ്റ്റണ് അവനെയും. ഒടുവിൽ ബോസ്റ്റൺ വിടാൻ തീരുമാനിച്ചു.

1856 സെപ്റ്റംബറിൽ രണ്ടര വർഷത്തെ ബോസ്റ്റൺ വാസത്തിനു ശേഷം, മൂഡി 1500 മൈൽ അകലെയുള്ള ഷിക്കാഗോ പട്ടണത്തിലെത്തി. ഷിക്കാഗോയിൽ ജോലി ലഭിക്കുന്നതിന് ഒരു പ്രയാസവുമുണ്ടായില്ല. പ്രവൃത്തിപരിചയം ഉള്ളതുകൊണ്ട് അവിടെയുള്ള മറ്റൊരു അങ്കിൾ കാൽവിൻ ഹോൾട്ടൻ, വിസ്മവാൾ എന്ന പ്രമുഖ ഷൂ കമ്പനിയിൽ ജോലി തരപ്പെടുത്തിക്കൊടുത്തു. മൂഡിയുടെ കഴിവ് കണ്ടറിഞ്ഞ കമ്പനി, പുതുതായി തുടങ്ങിയ വില്പന വിഭാഗത്തിന്റെ മുഴുചുമതലയും മൂഡിയെ ഏൽപ്പിച്ചു. ബിസ്സിനസ്സ് രംഗത്തു കുറച്ചുനാൾ കഴിഞ്ഞപ്പോൾ മൂഡിയുടെ പ്രായത്തിലുള്ള ഒരു സാധാരണ യുവാവിന്റെ മുപ്പതിരട്ടി വരുമാനം അവനുണ്ടായി. ഇങ്ങനെ പോയാൽ ചുരുങ്ങിയ കാലയളവിനുള്ളിൽ മൂഡി ഷിക്കാഗോയിലെ ഏറ്റവും പ്രായം കുറഞ്ഞ കോടീശ്വരനായി മാറും. 1857-ന്റെ തുടക്കത്തിൽ ഷിക്കാഗോ നഗരത്തിൽ ഒരു ഉണർവ്വ് അനുഭവപ്പെട്ടു. മൂഡിയും ജോലിയോടൊപ്പം സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. അവൻ വീട്ടിലേക്കെഴുതി: "വലിയൊരു ഉണർവ്വ് ഇവിടെ നടക്കുന്നുണ്ട്. രാത്രി യോഗങ്ങളൊന്നും ഞാൻ മുടക്കുന്നില്ല. ഹോ! ദൈവസാന്നിധ്യത്തിന്റെ നിറവ്

ഇവിടെ ഞാൻ അനുഭവിക്കുന്നു. ജോർജ്, ദൈവസ്നേഹം പൂർണ്ണ മായി ആസ്വദിക്കുന്നതിൽ നിന്നും യാതൊന്നും നിന്നെ തടയരുതേ! ദൈവസ്നേഹം ചിന്തകളിൽ നിറ യ്ക്കുമ്പോൾ ലോകത്തിന്റെ മോഹ ങ്ങളും ഭാരങ്ങളും നമ്മെ അലട്ടുകയി ല്ല. പരീക്ഷ വരുമ്പോൾ നാം ദൈവ ത്തോട് പറ്റി ചേർന്നിരിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു"

കർത്താവിനു വേണ്ടി പ്രയോജന പ്പെടണമെന്ന് മൂഡി ആഗ്രഹിച്ചുവെ ങ്കിലും, ബോസ്റ്റണിലെ അനുഭവം കൊണ്ടാവാം സഭയിൽ പ്രബോധിപ്പി ക്കുന്നതിൽ നിന്നും കഴിവതും ഒഴിഞ്ഞു നിന്നു. മൂഡി പങ്കെടുത്ത പ്ലിമത്ത് കോൺഗ്രിഗേഷണൽ സഭ യിലെ മൂൻനിരയിലുള്ള മൂന്ന്, നാല് ഇരിപ്പിടങ്ങൾ സ്ഥിരമായി വാടക യക്ക് എടുത്ത ശേഷം തന്റെ സുഹൃ ത്തുക്കളെയും തെരുവിൽ കാണുന്ന വരേയും സുവിശേഷം കേൾക്കുവാ നായി കൂട്ടിക്കൊണ്ടു വരും. സഭയി ലുള്ള മാന്യമാർക്ക് ഇതു പിടിച്ചില്ലെ ങ്കിലും, പാസ്റ്റർക്ക് ഈ ചെറുപ്പക്കാ രൻ ശരിയായ വഴിയിലാണെന്ന് ബോധ്യമായി. ഈയിടയ്ക്കാണ് മൂഡി സൺഡേസ്കൂൾ പ്രവർത്തന ങ്ങൾക്ക് തുടക്കമിട്ടത്. തുടക്കത്തിൽ 'വെൽസ്ട്രീറ്റ് മിഷൻ' എന്ന സംഘ ടനയോടൊപ്പം പ്രവർത്തിച്ച ശേഷം മൂഡിയും ചില സുഹൃത്തുക്കളും ചേർന്ന് നഗരസഭയുടെ വക നോർത്ത് മാർക്കറ്റ് ഹാളിൽ പുതിയ സൺഡേസ്കൂൾ ആരംഭിച്ചു. ഇടയ്ക്ക് മറ്റ് സഭകളും സന്ദർശിക്കു ന്നത് മൂഡിയുടെ പതിവായിരുന്നു. അങ്ങനെ ഒരിക്കൽ ബാപ്റ്റിസ്റ്റ് ചർച്ചിൽ പോയപ്പോഴാണ് മൂഡി തന്റെ ഭാവി വധുവിനെ ആദ്യമായി കണ്ടത്. എമ്മാ റെവലിന്റെ കുടും ബവും ഈ സഭയിലായിരുന്നു കൂടി വന്നിരുന്നത്. ചർച്ച് ഹാളിന്റെ മുറ്റത്തു വച്ചു തന്നെ പാസ്റ്റർ ഒരു ചെറുപ്പക്കാരനുമായി സംസാരിക്കു ന്നത് എമ്മയും സഹോദരിമാരും ശ്രദ്ധിച്ചിരുന്നു. മൂഡി അന്നു സുമു ഖനും ഊർജ്ജസ്വലനുമായ ഒരു യുവാവായിരുന്നു. ആരാധന കഴിഞ്ഞ് സൺഡേസ്കൂളിൽ വച്ച് പാസ്റ്റർ മൂഡിയെ പരിചയപ്പെടുത്തി. മൂഡിയുടെ ഇതേ വരെയുള്ള ജീവി തത്തെക്കുറിച്ച് ഒരു വിവരണം തന്നെ നലകി. അതു കഴിഞ്ഞ് മൂഡിയും എഴുന്നേറ്റു പ്ലാറ്റ് ഫോമിൽ നിന്ന്, തന്റെ സൺഡേസ്കൂൾ പ്രവർത്തന ങ്ങൾ വിവിരിച്ച ശേഷം, കുട്ടിക ളെല്ലാം ആത്മികമായി വളർന്ന് സഭ യിലും സമൂഹത്തിനും പ്രയോജനമു ള്ളവരായിരിക്കുവാൻ ഉത്സാഹിപ്പിച്ചു. തന്റെ സൺഡേ സ്കൂളിൽ ടീച്ചറാ യിരുന്നപ്പോഴും മൂഡിയുമായി പരിച യപ്പെടാൻ എമ്മായ്ക്ക് ഇടയായി.

പുറമെ ശാന്തയെങ്കിലും ജ്ഞാന വും വിനയബുദ്ധിയുമുള്ള എമ്മായെ, മൂഡിക്കിഷ്ടപ്പെട്ടു. 1844-ൽ ഇംഗ്ള ണ്ടിൽ നിന്നും ഷിക്കാഗോയിലേക്ക് കുടിയേറിയപ്പാർത്തവരാണ് എമ്മാ യുടെ കുടുംബം. കുടുംബത്തിൽ മൂന്ന് സഹോദരിമാരും ഒരു സഹോ ദരനും ഉണ്ടായിരുന്നു. കപ്പൽ നിർമ്മാണ ജോലിക്കാരനായിരുന്ന പിതാവ് ഒരു ദൈവഭക്തനായിരുന്നു. എന്നാൽ പെട്ടെന്ന് അദ്ദേഹത്തിന് ബിസ്സിനസ്സിൽ തകർച്ചയുണ്ടായി. മാത്രമല്ല ഒരപകടത്തിൽപെട്ട് ശാരീ രികമായും ബലഹീനനായി. അങ്ങനെ ജീവിതത്തിന് ഒരു പുതിയ തുടക്കമിടാൻ ആഗ്രഹിച്ചു കുടുംബം ഷിക്കാഗോയിലെത്തി. മൂഡിയുടെ ശ്രദ്ധ കൂടുതൽ നോർത്ത് മാർക്കറ്റ് ഹാളിലെ സൺഡേസ്കൂളിലേക്കു

തിരിഞ്ഞപ്പോൾ വെൽസ്ട്രീറ്റ് മിഷനിൽ കുട്ടികളുടെ എണ്ണം നന്നേ കുറഞ്ഞു. തുടർന്ന് അവിടെയുള്ള അധ്യാപകരിൽ ചിലർ നോർത്ത് മാർക്കറ്റ് ഹാളിൽ പഠിപ്പിക്കാനായി എത്തി. കൂട്ടത്തിൽ എമ്മ റെവലും ഉണ്ടായിരുന്നു. അവർ തമ്മിലുള്ള സുഹൃത്ബന്ധം വളർന്നു. ഈ സമയത്ത് സ്വന്തം ചെലവുകൾക്കായി എമ്മാ ഒരു സ്കൂളിൽ ജോലി ചെയ്തിരുന്നു. അവരുടെ പിതാവ് പണക്കാരനൊന്നുമല്ലായിരുന്നെങ്കിലും വാഷിങ്ടൺ സ്ട്രീറ്റ് റോഡിലുള്ള അവളുടെ ഭവനം ഇംഗ്ലീഷുകാരുടെ പ്രൗഢിയും സംസ്ക്കാരവും വിളിച്ചറിയിക്കുന്ന ഒന്നായിരുന്നു. അവരുടെ ആതിഥ്യമര്യാദ മൂലം സഭയിലെ ചെറുപ്പക്കാരായ പലരും അവിടുത്തെ സന്ദർശകരായിരുന്നു. ഇടയ്ക്കിടെ മൂഡിയും എമ്മായുടെ ഭവനത്തിൽ പോകുകയും കുടുംബാംഗങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുകയും ചെയ്തു.

നല്ല വിവേചനവും അച്ചടക്കുമുള്ള മെലിഞ്ഞ നീലക്കണ്ണുകാരി എമ്മായെ വിവാഹം കഴിക്കാനുള്ള ആഗ്രഹം മൂഡി അവരോടു അറിയിച്ചു. 1860-ൽ പരിചയപ്പെട്ട് രണ്ടു വർഷങ്ങൾക്കു ശേഷം ഒരു പ്രാർത്ഥനായോഗത്തിൽ വച്ച്, മൂഡി എമ്മയുമായുള്ള വിവാഹ നിശ്ചയം നടന്നതായി അറിയിച്ചു. പട്ടണവാസിയായ എമ്മയ്ക്കും, നാട്ടിൻപുറത്തുകാരൻ മൂഡിക്കും ചില സാമ്യങ്ങളുമുണ്ടായിരുന്നു. രണ്ടുപേരുടേയും കുട്ടിക്കാലം സാമ്പത്തിക ക്ലേശങ്ങൾ നിറഞ്ഞതും രണ്ടുപേരും ദൈവഭക്തിയിൽ വളർത്തപ്പെട്ടവരുമായിരുന്നു. സ്വഭാവത്തിൽ വ്യത്യസ്തരായിരുന്നെങ്കിലും അന്യോന്യം തക്ക തുണകളായിരുന്നു.

എമ്മായുടെ ഗുണഗണങ്ങളെല്ലാം കാണിച്ച്, വിവാഹനിശ്ചയം കഴിഞ്ഞ് മൂഡി അമ്മക്ക് കത്തെഴുതി. "അമ്മേ! എന്റെ ഭാവി വധു നല്ല ഒരു ക്രിസ്ത്യാനി പെൺകുട്ടിയാണ്. അവളെ നേരിട്ട് പരിചയപ്പെടുമ്പോൾ അമ്മയ്ക്ക് മനസ്സിലാകും." പക്ഷേ മൂഡിയുടെ ഈ തീരുമാനത്തെ അമ്മ ബെറ്റ്സി സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചത്. കാരണം അവർ 'ഇംഗ്ലീഷുകാരി'യും 'ബാപ്റ്റിസ്റ്റു'കാരിയും ആണെന്നുള്ളതുകൊണ്ട്. ഇംഗ്ലീഷ് വിപ്ളവം അമേരിക്കൻ കോളനികളിലും തന്റെ നാട്ടിലും ഉളവാക്കിയ പ്രത്യാഘാതങ്ങൾ ഈ അമ്മയുടെ മനസ്സിൽ നിന്നും മാഞ്ഞുപോയിട്ടില്ല. മൂഡിയുടെ പുതിയ 'വിശ്വാസപ്രഖ്യാപനം' അമ്മയ്ക്കത്ര ദഹിച്ചിട്ടില്ല. കൂടെ തലവേദനയായി ഒരുപടി കൂടി കടന്ന് ബാപ്റ്റിസ്റ്റുകാരി മരുമകളും. ഒടുവിലിതാ, എമ്മാ തന്നെ മുൻകൈയെടുത്ത് അമ്മയെ മയപ്പെടുത്തുന്നു. വിവാഹനിശ്ചയത്തിനു ശേഷം മൂഡി ഏതോ രോഗം വന്നു കിടപ്പിലായി. എമ്മയുടെ വീട്ടുകാരാണ് മൂഡിയെ പരിചരിക്കുന്നത്. തീരെ കിടപ്പിലായ മൂഡിക്ക് വരുന്ന കത്തുകളൊക്കെ വായിച്ചുകൊടുക്കുന്നത് എമ്മയാണ്. കുട്ടത്തിലിതാ, മരുമകളെക്കുറിച്ചുള്ള വിയോജിപ്പുകൾ സൂചിപ്പിക്കുന്ന അമ്മയുടെ കത്തും. മൂഡിയുടെ അനുവാദത്തോടെ എമ്മ, അതിനു മറുപടി എഴുതി. എമ്മയുടെ മറുപടി ഏതു മരുമകളെയും അമ്പരപ്പിക്കും! ഒരു പത്തൊൻപതുകാരി മദാമ്മയ്ക്ക് ഇത്ര പക്വതയോ?

"പ്രിയ അമ്മയ്ക്ക്, മൂന്ന് ആഴ്ച മുൻപ് കത്തു കിട്ടി. മൂഡി കിടപ്പിലായിരുന്നതുകൊണ്ട് ഞാനാണ് വായിച്ചുകൊടുത്തത്. അമ്മയുടെ തെറ്റിദ്ധാരണകൾ തിരുത്തുവാൻ ആഗ്രഹിക്കു

ന്നു. ഞാനൊരു ബാപ്റ്റിസ്റ്റും, അമ്മ മറ്റൊരു വിഭാഗത്തിൽപ്പെട്ടയാളുമാണെന്നത് ശരി തന്നെ. എന്നാൽ ഹൃദയശുദ്ധിക്കാണ് ദൈവസന്നിധിയിൽ പ്രാധാന്യം ഉള്ളത്. ഇതേവരെ കണ്ടിട്ടില്ലാത്ത ഒരാൾക്ക് കത്തെഴുതുവാൻ എനിക്ക് മടിയായിരുന്നുവെങ്കിലും മൂഡിയിൽക്കൂടി അമ്മയെക്കുറിച്ചു ധാരാളം കേൾക്കുവാൻ സാധിച്ചു. മൂഡി ഇപ്പോൾ സുഖം പ്രാപിച്ചു വരുന്നു. ഞാൻ കഴിയുന്നത്ര രീതിയിൽ ശുശ്രൂഷിച്ചുവെങ്കിലും, എനിക്കറിയാം ഒരമ്മയുടെ വാത്സല്യ പരിചരണങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഞാൻ ചെയ്തത് ഒന്നുമല്ലെന്ന്. ഈ സമയത്ത് നിങ്ങളുടെയൊക്കെ അസാന്നിദ്ധ്യം മൂഡിക്ക് നന്നായി അനുഭവപ്പെട്ടു. സ്നേഹത്തോടെ എമ്മാ റെവൽ."

വിവാഹനിശ്ചയം കഴിഞ്ഞ ഉടനെയാണ് മൂഡി ജീവിതത്തിൽ ചില സുപ്രധാന തീരുമാനമെടുത്തത്. കോടീശ്വര മോഹം ഒരു കെണിയാണെന്ന് തിരിച്ചറിഞ്ഞ മൂഡി ബിസ്സിനസ്സ് ഉപേക്ഷിക്കുന്നു. ഷിക്കാഗോയിലെ മുന്തിയ തരം ബോർഡിംഗ് ഹൗസിൽ താമസിച്ചിരുന്ന മൂഡി ഇപ്പോൾ ഒരു ചെറിയ മുറിയിൽ. കിടന്നുറങ്ങാൻ ഒരു ബഞ്ചുമുണ്ട്. കോൺണ്ടിനെന്റൽ ഭക്ഷണത്തിനു പകരം ഇപ്പോൾ രണ്ടുനേരവും ബ്രഡും ജാമും. ഇതൊക്കെ കാണുമ്പോൾ എമ്മയ്ക്കും സങ്കടം വരാതിരിക്കുമോ?

"ഡി.എൽ. നിങ്ങൾ ഷിക്കാഗോയിലെ ഏതൊരു ചെറുപ്പക്കാരനും അസൂയ തോന്നുംവിധം കഴിഞ്ഞതല്ലേ. എന്നിട്ട് ഇപ്പോളിങ്ങനെ!"

"സാരമില്ല എമ്മാ, പണത്തേക്കാൾ വളരെ വലുതാണ് സമയം. നീ വിഷമിക്കേണ്ട, വിവാഹം കഴിയട്ടെ. അപ്പോൾ കുറച്ചുകൂടി സൗകര്യങ്ങളുള്ള വീട്ടിൽ താമസിക്കാം." പുതിയ താമസസ്ഥലം കാണാൻ വന്ന എമ്മാ കണ്ണു തുടച്ചുകൊണ്ട് മടങ്ങിപ്പോയി. എമ്മയുടെ മനസ്സിൽ ചില ചോദ്യങ്ങൾ ഉയർന്നു. താൻ വിവാഹത്തിന് സമ്മതം മൂളിയപ്പോൾ, മൂഡി എന്ന മനുഷ്യൻ പണക്കാരനായിരുന്നു. ഒപ്പം ആത്മികനും. എന്നാൽ ഇപ്പോൾ സാമ്പത്തികമായി ഒരു ഗാരന്റിയുമില്ലാതെ, വിശ്വാസത്താൽ ജീവിക്കുമെന്ന് പറയുന്ന ഈ സഞ്ചാര സുവിശേഷകന്റെ ഭാര്യയാകാൻ ധൈര്യപ്പെടണമോ? അതോ, അദ്ദേഹത്തെ ഉപേക്ഷിക്കണമോ?... ഒരു നിമിഷം അവൾ ഉയരത്തിലേക്കു നോക്കി. 'ഇവിടെ കയറി വരിക' (വെളി. 4:1). എന്നു മനസ്സിൽ പറയുന്നതുപോലെ. അതേ! മൂഡിയുടെ ഭാര്യയായി കൂടെ താഴുവാൻ, വാഴുവാൻ എമ്മാ തീരുമാനിച്ചു. പിന്നീടൊരിക്കലും സംശയം ഉണ്ടായിട്ടില്ല. വിവാഹ നിശ്ചയത്തിനു ശേഷം രണ്ട് വർഷം കഴിഞ്ഞ് 1862-ൽ മൂഡി, ആഭ്യന്തര യുദ്ധത്തിലെ സൈനികർക്കിടയിൽ ചാപ്ളെയ്നായിരിക്കുമ്പോൾ അവരുടെ വിവാഹം നടന്നു. വിവാഹത്തിന്റെ ആഘോഷങ്ങളെക്കുറിച്ച് ഡയറിക്കുറിപ്പുകളോ, വിവരങ്ങളോ എങ്ങും കാണുന്നില്ല. അതുകൊണ്ട് വളരെ ലളിതമായ ഒരു വിവാഹമായിരുന്നു എമ്മ-മൂഡികളുടേത് എന്നു ചിന്തിക്കാം. ആഭ്യന്തര യുദ്ധത്തിൽ മുറിവേറ്റവർക്കും മരണാസന്നരായവർക്കും മൂഡിയെ ഏറ്റവും അവശ്യമുള്ള സമയത്ത് കല്യാണം പൊടിപൊടിക്കുവാൻ മനസ്സു വരുമോ? *(തുടരും)*

**(ക്രിസ്റ്റി സന്തോഷ്)**




# THE SERMON ON THE MOUNT-II

Sandeep Poonen

**Question:**
Can you give me a summary of the teachings of Jesus?

**Answer:**

This is a continuation from my answer last month where I was paraphrasing the Sermon on the Mount in ordinary language. I had gone upto Matthew 5:12, so I pick it up from there here. I have written this in the form of a letter from God PERSONALLY to me – because that's how I see God's Word. It's not a set of edicts and commands; it's a letter written by the God who is love. I will split it up over the next few months. I hope that my personal paraphrase will bring fresh meaning to passages that we might already know.

**MY PARAPHRASE ON THE SERMON ON THE MOUNT**

Dear Sandeep,

**Matthew 5:13-16**

So try Me and see - you'll find that ***what I have shared***is THE pathway to true and eternal happiness.

But look, don't expect great crowds to embrace this pathway to happiness. There's simply not a lot like you, but I don't need a lot either. Do you know how much salt is required for a huge meal? Not a whole lot. Do you know how big a light-bulb you need to brighten a room? Not a whole lot! So also with this journey - I'll take the few who are "all in" and I will use them to make all the difference. So just do your part, and don't cover up and hide what I've

shown you. The reason I showed you the way is so that you could share it with others. So be bold and unashamed and others will surely see the God that you are standing up for!

**Matthew 5:17-20**

OK, now that I've shared these first principles to being happy, I want to explain some of the things that I have given to you in the Bible. I want to explain the real intent behind these things.

First of all, I was very intentional in providing these instructions. I am not merely giving you suggestions on how to live life. So just don't pick and choose which things you like and don't like. They're all for your good. But most of all, remember this: I did not give these instructions for you to simply memorize, talk about with others, or even "teach" as great truths. No, I gave them to you because I want you to obey them first. Only then are you qualified to teach it to others. **In everything, I want you to follow through in living out what you speak about (v 20; Matthew 23:2). The sin of hypocrisy is most disgusting to me.**

**Matthew 5:21-26**

So let me explain My heart to you in some of the instructions that I have given you…

You know I told you that you shouldn't go around killing people. Do you really think that this is all I cared about when it comes to dealing with anger? Not at all - I am looking at the state of your heart. And getting angry at somebody on the inside is **just as much** an offense to ME! So take even that kind of "getting angry" seriously. And what's worse than getting angry in your mind is when you are mean to them with your words. And even worse still, is when you demean their value as a person (either directly or to somebody else). If you have done this, then restoring peace with them should be your top priority. I would even say that you should stop reading any further in this letter and reach out to that person and make peace with him.

**Matthew 5:27-37**

Ok, let's take another area - the broad area of sexuality. When it comes to sexual desire, it is your intentions that count. **So very simply, I want to intend well**(v 27-28). You know very well that every woman on this earth is a sacred daughter of the Almighty God. So they are to be treated with holy reverence. Act like a blind and maimed man would, to the sexual attractions of all other

women besides your wife (v 29-30).

I am an altogether loving God, but there is a real place called hell. Hell is the only place where my love is completely and utterly absent. And listen to me very carefully: Anger and sexual lust that is left unaddressed will send you to hell. So be on your guard and address them ruthlessly.

And with regards to your marriage, respect the holy sanctity of marriage. Don't even entertain the thoughts of divorce and ending your marriage (v 31-32).

One more thing about your words – be intentional about what you say. You know how easy it is for you to use religious talk and pious language to make people think you are spiritual. Tell people that you will pray for them only if you mean it. When you sing songs about longing for Me and My will, do that only if you are genuinely longing to be *surrendered* to My will. So choose your words more carefully, in a way that others know that you mean **EVERY WORD I SAY** (v 33-37).

**Matthew 5:38-48**

Ok, so I've talked a lot about holiness. Now, let me tell you a bit about the other side of the SAME coin.

**Be compassionate**. There's no place for a tit-for-tat mentality, or a "I'll only scratch your back only if you scratch my back" mindset for the true Christian. Now to be sure, justice is a very important virtue in my mind, and I will make sure that perfect justice is executed. But **I** am the one to take care of that, not you. Remember how I deal with you. You surely don't get justice from Me when you approach Me, do you? No, you *always* get a mercy; I crown you with compassion. So also, you be an ambassador of My everlasting compassion to others. Nobody should go to hell. So grow in your heart of mercy towards others.

Remember this important truth that many people miss: **Holiness that is not coupled with compassion is useless**. You need to grow to be more and more perfect in both! A life **full** of holiness AND a life **full** of compassion is what God has, and what you should have too! Otherwise, you're a top-class hypocrite.

I'll pick it up from here in the next installment.

*(please mail your genuine doubts to: sandeep@poonen.org)*

*4-ാം പേജിൽ നിന്ന് തുടർച്ച*

## വിലയേറിയ ദാസനോ വിശ്വസ്ത ദാസനോ?

തൽ വ്യാപരിക്കുന്നത്? ദൈവത്തോട് അടുത്ത ചെല്ലണം. ഒപ്പം നമുക്ക് ഒരു പേരും ഉണ്ടാകണം! ആത്മീയതയുടെ മറവിൽ സ്വന്തമായ ഒരു സാമ്രാജ്യം കെട്ടിപ്പൊക്കണം - ഇത് ഒരു മനോഭാവമാണ്. പക്ഷേ ഇതു ബാബിലോണിന്റെ ആത്മാവാണ്.

നിഗളം എന്നാൽ തന്നെത്താൻ ഉയർത്തിക്കാട്ടുകയാണ്. എതിർക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതും മറ്റൊന്നല്ല. "അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ച് ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതേ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ" (2 തെസ്സ. 2:4). ദൈവാലയത്തിലാണ് ഇരിപ്പ്. പക്ഷേ തന്നെത്താൻ ഉയർത്തുകയാണു പണി. ഇത് എതിർക്രിസ്തുവിന്റെ ആത്മാവാണ്, ബാബിലോണിന്റെ ആത്മാവാണ്. കർത്താവിന്റെ ദാസൻ ഈ ആത്മാവിനാൽ സ്വാധീനിക്കപ്പെടരുത്. കാരണം 'ദൈവമോ, നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറെപ്പത്രേ' (ലൂക്കൊ. 16:15).

**ദാസരൂപമെടുത്തു:**

ദാസൻ എന്നു പറഞ്ഞാൽ ഇവിടെ അടിമയാണ്. അടിമയ്ക്ക് സ്വന്തം അവകാശങ്ങളില്ല. അവനെ ഏതു നിലയിൽ കൈകാര്യം ചെയ്യാനും യജമാനനു പൂർണ സ്വാതന്ത്ര്യമുണ്ട്. യേശു അത്തരം ഒരു അടിമയുടെ രൂപമെടുത്തു എന്നു പറയുമ്പോൾ കർത്താവിന്റെ യഥാർത്ഥ ദാസനും അവകാശങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്താനോ പരാതിപ്പെടാനോ പിറുപിറുക്കാനോ കഴിയുന്നതെങ്ങനെ?

ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം നാം ഓർക്കേണ്ടതുണ്ട്. നാം ദാസരൂപം എടുക്കുന്നതിനു മുൻപ് ഒന്നാമതു ദാസനായി മാറണം. ദാസനാകാതെ ഒരുവനു ദാസരൂപം എടുക്കാൻ കഴിയും. ഉദാഹരണത്തിനു സ്വാതന്ത്ര്യദിനത്തിനോ റിപ്പബ്ലിക് ദിനത്തിനോ പ്രധാനമന്ത്രിയും മന്ത്രിമാരും ചൂലുമായി തെരുവു തൂത്തു വൃത്തിയാക്കാൻ നിൽക്കുന്ന ഫോട്ടോകൾ നാം കാണാറില്ലേ? അവർ അന്നത്തേക്കു സ്വയം ദാസരൂപം എടുക്കുകയാണ്. പക്ഷേ ദാസരൂപമേയുള്ളു, അവർ ഒന്നാമതു ദാസരായി മാറിയിട്ടില്ല എന്ന് അവരോട് അടുത്തു പെരുമാറുമ്പോൾ നമുക്കു മനസ്സിലാകും.

വിശ്വാസലോകത്തും 'കർത്താവിന്റെ വിലയേറിയ ദാസന്മാർക്ക്' ഉള്ളിൽ ദാസരായി മാറാതെ ദാസരൂപം എടുക്കാൻ കഴിയും. എന്നാൽ ഒരു യഥാർത്ഥ ദൈവഭൃത്യൻ നേരെ മറിച്ചായിരിക്കും. അവൻ ഒന്നാമതു ദാസനാകും, രണ്ടാമതു ദാസരൂപം എടുക്കും. കാരണം അവന്റെ ഗുരുവും കർത്താവുമായ യേശു അങ്ങനെയായിരുന്നല്ലോ.

യേശു ദാസരൂപം എടുത്ത ഒരു രംഗം യോഹന്നാൻ 13-ാം അധ്യായത്തിൽ നാം കാണുന്നു. 'യേശു അത്താഴത്തിൽ നിന്ന് എഴുന്നേറ്റു വസ്ത്രം ഊരിവച്ച് ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ടു തുവർത്തുവാനും തുടങ്ങി' (13:4,5).

അന്നത്തെ കാലത്ത് അടിമയുടെ ജോലിയായിരുന്നു അതിഥികളുടെ കാൽ കഴുകി തുവർത്തുക എന്നത്. പക്ഷേ ആ രംഗത്ത് ഒരു അടിമ ഉണ്ടായിരുന്നില്ല. ശിഷ്യന്മാരിൽ ആരും ആ സ്ഥാനം സ്വയം എടുക്കാനും തയ്യാറായുമില്ല. ഈ സാഹചര്യത്തിൽ യേശു തന്നെ അടിമയുടെ ആ 'റോൾ' ഏറ്റെടുത്തു പാദങ്ങൾ കഴുകുവാനും തുവർത്തുവാനും തുടങ്ങി. നോ ക്കുക: യേശു ദാസരൂപം എടുത്ത ഒരു സന്ദർഭം. പക്ഷേ അവിടെ തന്നെ ഒറ്റിക്കൊടുക്കാനുള്ള ഇസ്കര്യോത്ത യൂദയുടെയും തന്നെ പരസ്യമായി തള്ളിപ്പറയുവാനുള്ള ശീമോൻ പത്രൊസിന്റെയും പാദങ്ങൾ, ഈ വസ്തുതകൾ എല്ലാം അറിഞ്ഞിരിക്കെ, യേശുവിന് എങ്ങനെ അത്രയും മൃദുവായി ആർദ്രമായി മഹാ മനസ്കതയോടെ കഴുകുവാൻ കഴിഞ്ഞു? അതിന് ഒരു ഉത്തരമേയുള്ളു. അവിടുന്നു ദാസരൂപം എടുക്കുന്നതിനു മുൻപേ സ്വയം ദാസനായി (മത്താ. 12:17).

**മനുഷ്യ സാദൃശ്യത്തിലായി:**

യേശു ആദ്യം ദൈവരൂപത്തിലായിരുന്നു. തുടർന്നു ദാസരൂപം എടുത്തു. അനന്തരം മനുഷ്യസാദൃശ്യത്തിലായി.

മനുഷ്യൻ, മർത്യൻ എന്നാൽ മരണമുള്ളവനെന്നാണ് അർത്ഥം. അവനെ 'നിലത്തെ പൊടിയിൽ നിന്നാണ്' ദൈവം സൃഷ്ടിച്ചത് (ഉൽപ. 2:7). യേശു നമുക്കു വേണ്ടി മരണം വരിച്ചു. വിലയില്ലാത്ത, നിസ്സാരമായ പൊടിപോലെ ആയി. കർത്താവിന്റെ യഥാർത്ഥ ദാസനും താൻ ആരെ ശുശ്രൂഷിക്കുന്നുവോ അവരെപ്പോലെയാകണം.

വിശ്വാസലോകം നിങ്ങളെ കർത്താവിന്റെ 'അതിശ്രേഷ്ഠദാസൻ' 'അഭിഷിക്തൻ' എന്നൊക്കെ പ്രശംസിച്ചാലും നിങ്ങൾ പൊടിയാണെന്ന് ഓർക്കുക. നാം വെറും പൊടിയാണെന്നും ഒരു നാൾ പൊടിയിലേക്കു തിരികെ ചേരുമെന്നും ഉള്ള ഓർമ്മ എപ്പോഴും നമ്മെ താഴ്മയിൽ സൂക്ഷിക്കും. ചില 'വിലയേറിയ ദാസന്മാർ' അവരുടെ വിശുദ്ധിയെയും ദൈവഭക്തിയെയും കുറിച്ച് ഉള്ളിൽ പ്രശംസയുള്ളവരായിരുന്നേക്കാം. എന്നാൽ ദൈവഭക്തനും നിഷ്കളങ്കനും നേരുള്ളവനും ദോഷം വിട്ടകലുന്നവനും എന്നു ദൈവം തന്നെ അംഗീകാരം നൽകിയ ഇയ്യോബിനു പോലും 'പൊടി'യിൽ കിടന്ന് അനുതപിക്കേണ്ടി വന്നു എന്ന് ഓർക്കുക (42:5,6).

നാം യഥാർത്ഥത്തിൽ പൊടിയാണെന്ന ബോധ്യം ഉള്ളവരാണെങ്കിൽ ദൈവം നമ്മെ പിന്തുണയ്ക്കും. അവിടുന്നു പൊടിയെ ഓർക്കും (സങ്കീ. 103:14). പൊടിയോട് അലിവു തോന്നും (സങ്കീ. 102:14). പൊടിയിൽ നിന്ന് എഴുന്നേല്പിക്കുകയും ഉയർത്തുകയും ചെയ്യും (സങ്കീ. 113:7).

**മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു:**

ഇവിടെ യേശുവിനെക്കുറിച്ച് 'മരണത്തോളം' അനുസരണമുള്ളവനായിത്തീർന്നു എന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. അല്ലാതെ 'മരണം വരെ' എന്നല്ല എന്നതു ശ്രദ്ധിക്കുക. 'മരണംവരെ' എന്നും 'മരണത്തോളം' എന്നും പറയുന്നതു തമ്മിൽ അല്പം വ്യത്യാസമുണ്ട്. 'മരണം വരെ' എന്നത് എത്ര കാലം അനുസരിച്ചു എന്നതിനെ കാണിക്കുമ്പോൾ 'മരണത്തോളം' എന്നത് ആ അനുസരണത്തിന്റെ തീവ്രതയെ–അതിന്റെ ഗുണത്തെ (quality),കാണിക്കുന്നു.

ഒരു ദാസൻ, യജമാനനെ തന്റെ മരണംവരെ അനുസരിച്ചേക്കാം. പക്ഷേ അങ്ങനെ മരണം വരെ പുറമേ അനുസരിച്ചാലും ഉള്ളിൽ പിറുപിറുപ്പും പരാതിയും ഉണ്ടാകാം. യജമാനന്റെ അധികാരത്തിൽ നിന്നു മോചിതനാകാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന ആഗ്രഹം വച്ചുപുലർത്താനും കഴിയും. എന്നാൽ 'മരണത്തോളം' അനുസരണം എന്നു പറഞ്ഞാൽ അത് അനുസരണത്തിന്റെ ഏറ്റവും ഉദാത്തമായ നിലവാരമാണ്. ആ അനുസരണത്തിൽ പരാതിയോ പിറുപിറുപ്പോ സ്വാതന്ത്ര്യത്തിനായുള്ള വാഞ്ഛയോ ഇല്ല. മറിച്ചു യജമാനന്റെ കല്പന സന്തോഷത്തോടെ പൂർണമനസ്സോടെ അനുസരിക്കുന്നു. യജമാനനോടുള്ള അനുസരണത്തിനിടയിൽ ജീവൻ വെടിയേണ്ടി വന്നാലും സന്തോഷിക്കുകയേയുള്ളു. ഇത്തരം അനുസരണത്തിൽ അടിമയുടെ 'സ്വയ'ത്തിന്റെ മരണവും സംഭവിക്കും. ചുരുക്കത്തിൽ അവൻ യജമാനനെ 'മരണത്തോളം' അനുസരിച്ചു. കർത്താവിന്റെ യഥാർത്ഥ ദാസൻ ഇങ്ങനെ 'മരണത്തോളം' കർത്താവിനെ അനുസരിക്കുന്നവനാണ്.

**ക്രൂശിലെ മരണത്തോളം:**

യേശുവിന്റെ കാലത്തു ക്രൂശുമരണം അതിനിന്ദ്യമായ ഒന്നായിരുന്നു. യെഹൂദന്മാരെ സംബന്ധിച്ച് അതു ശാപമായിരുന്നു (ആവ. 21:22,23). ജാതികളെ സംബന്ധിച്ച് അതു അടിമകൾക്കോ കൊടുംകുറ്റവാളികൾക്കോ നൽകുന്ന മരണമായിരുന്നു (മത്താ. 27:16,17). മൊത്തത്തിൽ അത് അത്യന്തം 'അപമാനകരമായ' ഒന്നായിരുന്നു (എബ്രാ. 12:2).

എന്നാൽ കർത്താവിന്റെ യഥാർത്ഥ ദാസൻ ക്രൂശിന്റെ നിന്ദയെ വലിയ ധനമെന്ന് എണ്ണും. ക്രിസ്തീയ ലോകത്തും ഇന്നു ക്രൂശിനും ക്രൂശിന്റെ വചനത്തിനും ഒരു ഇടർച്ചയും നിന്ദയുമുണ്ട്. ഇന്നു വിശ്വാസലോകത്ത് ധാരാളം 'ക്രൂശിന്റെ ശത്രുക്കൾ' ഉണ്ട് (ഫിലി. 3:18,19). അതുകൊണ്ടുതന്നെ ഇത്തരം ക്രിസ്തീയ, വിശ്വാസ, ലോകത്ത് കർത്താവിന്റെ യഥാർത്ഥ ദാസന് ഇടം ഉണ്ടായിരിക്കുകയില്ല. അവന് ആ പാളയം വിട്ട് നിന്ദ ചുമന്നുകൊണ്ട് പുറത്തു പോകേണ്ടി വരും (എബ്രാ. 13:13). പക്ഷേ അവിടെ അവന് ഒരു സന്തോഷമുണ്ട്- 'നഗരവാതിലിനു പുറത്തു' വച്ച് കഷ്ടം അനുഭവിച്ച യേശുവിന്റെ അടുക്കലേക്കാണ് 'പാളയത്തിനു പുറത്തേക്ക്' പോകുന്ന താൻ ചെല്ലുന്നത് എന്ന സന്തോഷമാണത് (എബ്രാ. 13:12). യഥാർത്ഥ ദാസൻ ക്രൂശിന്റെ മഹത്വം കണ്ടവനായിരിക്കും. ക്രൂശില്ലാതെ കിരീടമില്ലെന്നും ക്രൂശീകരണമില്ലെങ്കിൽ പുനരുത്ഥാനമില്ലെന്നും അവനറിയാം.

കർത്താവിന്റെ യഥാർത്ഥ ദാസൻ വിശ്വസ്തദാസനായിരിക്കും. അവൻ തന്റെ താലന്തു മാത്രമല്ല ജീവിതം തന്നെയാണു യജമാനനു വേണ്ടി വ്യാപാരം ചെയ്യുന്നത് (മത്താ. 25:14-30ഉം ലൂക്കൊ. 19:11-26ഉം താരതമ്യം ചെയ്യുക). ഒടുവിൽ യജമാനൻ കണക്കു തീർക്കുമ്പോൾ 'നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനെ' എന്ന് അവനെ സംബോധന ചെയ്യും. സംശയമില്ല.

പ്രിയ സഹോദരാ, ഇന്നു 'വിലയേറിയ ദാസന്മാ'രും 'ശ്രേഷ്ഠദാസന്മാ'രും അരങ്ങു തകർക്കുന്ന വിശ്വാസലോകത്ത് നീ കർത്താവിന്റെ ഒരു യഥാർത്ഥ, വിശ്വസ്ത, ദാസനായി നില്ക്കുമോ?

# The Perfect Church

AW TOZER

Now we exhort you, brethren, warn those who are unruly, comfort the fainthearted, uphold the weak, be patient with all. --1 Thessalonians 5:14

Our lofty idealism would argue that all Christians should be perfect, but a blunt realism forces us to admit that perfection is rare even among the saints. The part of wisdom is to accept our Christian brothers and sisters for what they are rather than for what they should be....

There is much that is imperfect about us, and it is fitting that we recognize it and call upon God for charity to put up with one another. The perfect church is not on this earth. The most spiritual church is sure to have in it some who are still bothered by the flesh.

An old Italian proverb says, "He that will have none but a perfect brother must resign himself to remain brotherless." However earnestly we may desire that our Christian brother go on toward perfection, we must accept him as he is and learn to get along with him. To treat an imperfect brother impatiently is to advertise our own imperfections. ●

# Good But Not Great

Moreover it is required in stewards that one be found faithful. – 1 Corinthians 4:2

Then there are the men who are good but not great, and we may thank God that there are so many of them, being grateful not that they failed to achieve greatness but that by the grace of God they managed to acquire plain goodness....

Every pastor knows this kind--the plain people who have nothing to recommend them but their deep devotion to their Lord and the fruit of the Spirit which they all unconsciously display. Without these the churches as we know them in city, town and country could not carry on. These are the first to come forward when there is work to be done and the last to go home when there is prayer to be made. They are not known beyond the borders of their own parish because there is nothing dramatic in faithfulness or newsworthy in goodness, but their presence is a benediction wherever they go. They have no greatness to draw to them the admiring eyes of carnal men but are content to be good men and full of the Holy Ghost, waiting in faith for the day that their true worth shall be known. When they die they leave behind them a fragrance of Christ that lingers long after the cheap celebrities of the day are forgotten. ●

JEEVAMOZHIKAL RNI/KERBIL/-2003/21404 Date of Publication 28-09-2015
October 2015 www. jeevamozhikal.org
Annual Subscription Rs.100/-

# ഞാനും ദൈവവും

ദൈവത്തിന്റെ മാഹാത്മ്യം ഞാൻ കാണുന്തോറും
എന്റെ ഒന്നുമില്ലായ്മ വെളിപ്പെട്ടു വരും

ദൈവത്തിന്റെ ജ്ഞാനം ഞാൻ കാണുന്തോറും
എന്റെ ഭോഷത്തം വെളിപ്പെട്ടു വരും

ദൈവത്തിന്റെ വിശുദ്ധി ഞാൻ കാണുന്തോറും
എന്റെ അശുദ്ധി വെളിപ്പെട്ടു വരും

ദൈവത്തിന്റെ ബലം ഞാൻ കാണുന്തോറും
എന്റെ ബലഹീനത വെളിപ്പെട്ടു വരും

ദൈവത്തിന്റെ നിറവു ഞാൻ കാണുന്തോറും
എന്റെ കുറവു വെളിപ്പെട്ടു വരും

ദൈവത്തിന്റെ സമ്പൂർണ്ണത ഞാൻ കാണുന്തോറും
എന്റെ അപൂർണത വെളിപ്പെട്ടു വരും

ദൈവത്തിന്റെ താഴ്മ ഞാൻ കാണുന്തോറും
എന്റെ നിഗളം വെളിപ്പെട്ടു വരും

ദൈവത്തിന്റെ പ്രകാശം ഞാൻ കാണുന്തോറും
എന്റെ ഇരുൾ വെളിപ്പെട്ടു വരും

ദൈവത്തിന്റെ നന്മ ഞാൻ കാണുന്തോറും
എന്റെ തിന്മ വെളിപ്പെട്ടു വരും

ദൈവത്തിന്റെ തേജസ്സ് ഞാൻ കാണുന്തോറും
എന്റെ ലജ്ജ വെളിപ്പെട്ടു വരും

ദൈവത്തിന്റെ ആർദ്രത ഞാൻ കാണുന്തോറും
എന്റെ ഹൃദയകാഠിന്യം വെളിപ്പെട്ടു വരും

ദൈവത്തിന്റെ മാധുര്യം ഞാൻ കാണുന്തോറും
എന്റെ കയ്പ് വെളിപ്പെട്ടു വരും

ദൈവത്തെ ഞാൻ കൂടതൽ കാണുന്തോറും
എന്റെ സ്വയം യഥാർത്ഥമായി വെളിപ്പെട്ടു വരും.

"ദൈവമേ, നിന്റെ വിചാരങ്ങൾ എനിക്ക് എത്ര ഘന
മായവ! അവയുടെ ആകത്തുകയും എത്ര വലിയത്!
(സങ്കീ. 139:17)

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.